"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ


| പുസ്തകം 2 | 1964 ജനുവരി 1 | ലക്കം 3 |
| --- | --- | --- |


സത്യാം ക്ഷിതൌ കിം കശിപോഃ പ്രയാസൈ-
ർബ്ബാഹൌ സ്വസിദ്ധേ ഹ്യുപബർഹണൈഃ കിം ।
സത്യഞ്ജലൌ കിം പുരുധാന്നപാത്ര്യാം
ദിഗ്വല്ക്കലാദൌ സതി കിം ദുകൂലൈഃ ॥

— ഭാഗവതം II, 2, 4.

വിശാലമായ ഭൂമിയുള്ളപ്പോൾ പിന്നെയെന്തിന്നാണു് കിടക്കയ്ക്കുവേണ്ടി കഷ്ടപ്പെടുന്നതു്? സ്വന്തം കൈകളുള്ളപ്പോൾ പിന്നെയെന്തിന്നാണു് തലയിണകൾ? കൈത്തലങ്ങൾക്കു കോട്ടം വരാതിരിക്കുവോളം കാലം പലതരം ഭോജനപാത്രങ്ങൾ ഒരുക്കിക്കൂട്ടാൻവേണ്ടി പണിപ്പെടണമെന്നുണ്ടോ? നാലു ദിക്കുകളും മരവുരികളും ഉള്ളപ്പോൾ പട്ടുവസ്ത്രങ്ങൾ കൊണ്ടെന്താണാവശ്യം?


ഒററപ്രതി വില: 0-40 വാർഷികവരിസംഖ്യ: 4-50

# വിഷയവിവരം


1. നവോത്ഥാനത്തിൻെറ ആവശ്യകതയും
അതിനുള്ള മാർഗ്ഗങ്ങളും (തുടർച്ച) 1

2. നിർവ്വാണാഷ്ടകം (തുടർച്ച) 5
— സ്വാമി പൂർണ്ണാനന്ദതീർത്ഥ

3. ഹിന്ദുമതത്തിൻെറ അനന്തചൈതന്യം 7
— സ്വാമി ആത്മാനന്ദ

4. ഭജഗോവിന്ദം അഥവാ മോഹമുദ്ഗരം (തുടർച്ച) 11
— സ്വാമി പുരുഷോത്തമതീർത്ഥ

5. ഉത്തരഖണ്ഡപര്യടനം (തുടർച്ച) 21
— സ്വാമി ദയാനന്ദതീർത്ഥ

6. ആശ്രമവാർത്തകൾ 32



ജ്ഞാനാശ്രമം, P O. പാർളിക്കാട്ട്,

വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ത്രിക്ട്,

കേരളാ സ്റ്റേററ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

| പുസ്തകം 2 | 1964 ജനുവരി 1 | ലക്കം 3 |
| --- | --- | --- |

## നവോത്ഥാനത്തിന്റെ ആവശ്യകതയും അതിനുള്ള മാർഗ്ഗങ്ങളും — 2

പുരോഗതിയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന മാനവസമുദായത്തിനു പ്രതിസന്ധിഘട്ടങ്ങളെ നേരിടേണ്ടി വരാതിരിക്കയില്ല. അങ്ങിനെ വിഷമം വന്നുചേരുന്ന ഘട്ടങ്ങളിൽ അതിനെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങളെ ആരാഞ്ഞു കണ്ടുപിടിക്കാനും സമർത്ഥനാണ് മനുഷ്യൻ. ഭാരതത്തിൽ കുടിയേറിപ്പാർത്ത ആര്യവംശജർക്ക് ഇങ്ങിനെയുള്ള ചില സന്ദർഭങ്ങളെ നേരിടേണ്ടിവന്നു. ആദിമനിവാസികളുമായി ഇടവിടാതെ സമരം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ ആദ്യഘട്ടങ്ങളിലെല്ലാം അവർ പ്രധാനമായും സമരോന്മുഖരായിരുന്നു. എന്നാൽ അതോടൊപ്പംതന്നെ ഒരു സംസ്കാരത്തെ വളർത്തി എടുക്കാനും അവർ മറന്നുപോയില്ല. ഉത്തരഭാരതത്തിൽ അധിവാസം ഉറപ്പിച്ച ആര്യന്മാർക്ക് കാലക്രമേണ തുടർച്ചയായ സമരപരിപാടികളിൽനിന്നും വിമോചനം കിട്ടിത്തുടങ്ങി. പക്ഷേ യുദ്ധം നിശ്ശേഷം തുടച്ചുമാററാൻ സാധിക്കുന്ന ഒന്നല്ല. അതിനാൽ ജീവിതത്തിന്റെ ബഹുമുഖങ്ങളായ ഭാവങ്ങളെ പൂർണ്ണതയിലെത്തിക്കുന്നതിന് അവർ കണ്ടുപിടിച്ച മാർഗ്ഗമായിരുന്നു വർണ്ണവിവേചനം. ഏവർക്കും, ഏററവും ആവശ്യമായ ആദ്ധ്യാത്മികചർച്ചയെ പുഷ്ടിപ്പെടുത്താനും, ധർമ്മമാർഗ്ഗങ്ങളെ പ്രതിപാദിക്കാനും കെൽപുള്ള വിദ്യാനിരതരും, തപസ്വികളുമായ ഒരു കൂട്ടരെ ബ്രാഹ്മണരായി കണക്കാക്കി.

സദാചാരത്തിൻേറയും, സംസ്കാരത്തിൻേറയും, ശാസ്ത്രീയചിന്തയുടേയും വിധാതാക്കളായിരുന്നു ഇവർ. കർമ്മകുശലരും, ധീരന്മാരും, നീതിനിഷ്ഠരുമായ ഒരു ജനവിഭാഗം ക്ഷത്രിയരായി. ഇവരുടെ ചുമതല ജനസംരക്ഷണമാണ്. ബ്രാഹ്മണരാൽ നിർദ്ദിഷ്ടങ്ങളായ ധർമ്മമാർഗ്ഗങ്ങളിൽ നിന്നും വ്യതിചലിക്കാതെ ലോകസംരക്ഷണത്തിനു ബാദ്ധ്യസ്ഥരായിരുന്നു ഇവർ. കൃഷി, ഗോരക്ഷ, വാണിജ്യം, തുടങ്ങിയ ധനാർജ്ജനമാർഗ്ഗങ്ങളിൽ ഇടപെട്ട്, നാടിൻെറ സമ്പത്സമൃദ്ധിയെ നിലനിർത്തി പോന്നവർ വൈശ്യർ എന്ന പേരാൽ അറിയപ്പെട്ടു. ശത്രുഭീതിയില്ലാതെ, രക്ഷാബോധത്തോടെ ജീവിക്കാമെന്നായപ്പോൾ സമുദായം സമ്പദ്സമൃദ്ധമായി. ഇവരെയെല്ലാം പരിചരിക്കാനും, മററു ശരീരപരമായ കാര്യങ്ങൾ നിർവ്വഹിക്കാനും ശൂദ്രർ നിയുക്തരായി. സാമാന്യേന ബുദ്ധികുറഞ്ഞ ജനവിഭാഗമാണ് ഇവർ.

ഇങ്ങനെയുള്ള ഒരു വർണ്ണവിഭജനം അക്കാലങ്ങളിൽ മനുഷ്യൻെറ പുരോഗമനത്തെ വളരെ അധികം സഹായിച്ചിട്ടുണ്ടാകണം. ഈ വിഭാഗങ്ങളെ തരംതിരിച്ചു എന്നു പറയുന്നതിനേക്കാൾ വാസനാനുഗുണമായി തരംതിരിഞ്ഞു, എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. എന്തുകൊണ്ടെന്നാൽ ശരിയായ കഴിവില്ലാത്തവനു യാതൊന്നുംതന്നെ പ്രാപ്തിയോടെ കൊണ്ടുനടത്താൻ സാദ്ധ്യമാകുകയില്ല. അങ്ങിനെയായാൽ ഈ വിഭജനം തന്നെ അർത്ഥശൂന്യമായിത്തീരും. അതിനാൽ ആദികാലങ്ങളിൽ ഈ വിഭജനം കഴിവിൻേറയും വാസനയുടേയും അടിസ്ഥാനത്തിൽ മാത്രമായിരുന്നു. ജനനംകൊണ്ടുമാത്രം ഒരുവൻ ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ ആകുമായിരുന്നില്ല. ഒരുവൻെറ വർണ്ണത്തിന്നാധാരം അവൻെറ കഴിവ് മാത്രമായിരുന്നു.

എന്നാൽ കാലക്രമേണ ഈ വിഭജനം ജനനത്തെമാത്രം ആശ്രയിച്ചാണെന്നു വന്നപ്പോൾ, വർണ്ണവിഭജനം അതിൻെറ അടിസ്ഥാനത്തിൽ നിന്നും പുഴങ്ങിവീണു. ഒരു കാലത്തു മനുഷ്യൻെറ ഉന്നമനത്തിനു് അത്യധികം സഹായിച്ചിരുന്ന ഈ വിഭജനം പിൽക്കാലങ്ങളിൽ, ഭാരതത്തിനു് ഒരു ശാപമായി പരിണമിച്ചു. അനർഹരായവർ ഉന്നതപദങ്ങളിൽ എത്തിച്ചേർന്നാൽ അധികാരദുർവിനിയോഗം ഉണ്ടാകാതിരിക്കയില്ലല്ലോ. ജാതിശ്രേഷ്ഠതയുടെ പേരിൽ പ്രാമാണ്യം ഭാവിച്ചു തുടങ്ങിയപ്പോൾ, സംസ്കാരത്തിൻെറ അടിത്തട്ട് ചിതൽപിടിച്ചുതുടങ്ങി. ജാതി

യും ഉപജാതിയും വദ്ധിച്ചുവന്നു. ധർമ്മനീതികൾപോലും ജനത്തെ ആശ്രയിച്ചായപ്പോൾ പരമമായ ധർമ്മമാർഗ്ഗം എങ്ങോ പോയൊളിച്ചു. പരമാത്ഥത്തിൽ ഭാരതീയതത്വചിന്തയുടേയും, സനാതനധർമ്മത്തിന്റേയും, അസ്ഥിവാരംപോലും ഇളക്കിക്കളഞ്ഞ ഒരു പിശാചായിപ്പരിണമിച്ചു, വർണ്ണവിവേചനം വരുത്തിവെച്ച ഈ ജാതിവ്യത്യാസം. അങ്ങിനെ പണ്ടത്തെ ഉന്നതമായ നിലവാരത്തിൽനിന്നു് അധഃപതിച്ചു സർവ്വവിനാശത്തേയും കാത്തുകിടക്കുകയാണിന്നു അതിശ്രേഷ്ഠമായ സനാതനധർമ്മം.

ഈ സന്ദർഭം എന്തുകൊണ്ടും ആർഷഭാരതത്തിനു് അത്യധികം വിഷമമേറിയ ഒരു ഘട്ടമാണു്. മതപരമായും, രാഷ്ട്രീയമായുമുള്ള കാരണങ്ങളാൽ ഇതരമതസ്ഥർ ഹൈന്ദവധർമ്മത്തിൽ വീണ ഈ പുഴുക്കുത്തിൽനിന്നും തികച്ചും മുതലെടുത്തുവരികയാണു്. യാതൊരു ധർമ്മത്തിലും അടിയുറക്കാത്ത, അവിശ്വാസജഡിലമായ പശ്ചാത്തലത്തിൽ ജീവിച്ചിരുന്നവരും, ജാതിവ്യത്യാസംകൊണ്ടു് യാതൊരുവിധ പൌരസ്വാതന്ത്ര്യത്തിനും അഹ്രല്ലാതേയും, ഉന്നതകുലജാതരാൽ ഹീനരെന്നു തള്ളുകമൂലം 'തീണ്ടൽ' മുതലായ പൈശാചികങ്ങളായ പെരുമാററങ്ങൾക്കു ശരവ്യരായും, തീന്നിരുന്ന അധഃകൃതക്കു കുറെയെല്ലാം സ്വാതന്ത്ര്യം ഉയത്തിക്കാട്ടിക്കൊടുത്താൽ അതിലേറെ പ്രലോഭനീയമായി മറെറന്താണുള്ളതു്?

ഇതുകൊണ്ടുമാത്രമായില്ല; പരിഷ്കൃതരുടെ ഇടയിലും ചില ആശയക്കുഴപ്പങ്ങൾ നേരിട്ടു. ഇംഗ്ലീഷ്‌വിദ്യാഭ്യാസവും, പാശ്ചാത്യസംസ്കാരവുമായുള്ള കൂട്ടുകെട്ടും, അവരുടെ തലയും കുറെയെല്ലാം തിരിച്ചുകളഞ്ഞു. ആകെക്കൂടി ആർഷധർമ്മത്തിൽ അടിയുറച്ച ഭാരതീയസംസ്കാരം അടിയറ പറയുന്ന ഒരു ചുററുപാടിൽ പെട്ടുലയാൻതുടങ്ങി. ജാതിവ്യത്യാസം ഉണ്ടാക്കിവച്ച വിനയാണിതെല്ലാം.

ഈ ജാതി വ്യത്യാസങ്ങളേയും, ആചാരവൈരുദ്ധ്യങ്ങളേയും ഉന്മൂലനം ചെയ്യല്ലാതെ ഭാരതധർമ്മനീതികൾ ഉത്തേജിതമാകാൻ പോകുന്നില്ല. ഹിന്ദു സമുദായം ഒന്നാകണം. സനാതനധർമ്മത്തിൽ അടിയുറച്ച നീതികളിൽ മുറുകിപ്പിടിച്ചുകൊണ്ടു മുന്നേറാത്തപക്ഷം ഹൈന്ദവജനത ക്രമേണ കൂടുതൽ അഗാധമായ നാശഗത്തത്തിൽ പതിക്കുമെന്നുള്ളതിനു സംശയമില്ല. ജനങ്ങളെ പരസ്പരം അകററിനിത്തിയിരിക്കുന്ന മായാവലയങ്ങളെ യുക്തിയാകുന്ന മൂച്ചയേറിയ കത്തികൊണ്ടു മുറിച്ചുമാററ

ണം. കാര്യക്ഷമതയോടും, വിവേചനാപൂർണ്ണമായും, ധൈര്യപൂർവ്വം മുന്നേറുവാനുള്ള കാലം സമാഗതമായിക്കഴിഞ്ഞു. എന്നാൽ ഇതു് അത്ര എളുപ്പമാണെന്നു് ആരും കരുതേണ്ട. പഴമയുടെ പൂജകന്മാർ അട്ടഹസിക്കും. അവർ നിങ്ങൾക്കെതിരേ വായ്ത്തല മടങ്ങിയ അവരുടെ പഴയ വാളുകളുമിളക്കി അണിനിരക്കാതിരിക്കയില്ല. പക്ഷേ തൊണ്ടയിലെ വെള്ളം വററുമ്പോൾ അട്ടഹാസം താനേ അടങ്ങിക്കൊള്ളും. വാളിളക്കാനല്ലാതെ വെട്ടാൻതക്ക കരുത്തവരുടെ കൈകൾക്കില്ല. അഥവാ വായ്ത്തലമടങ്ങിയ വാൾകൊണ്ടു വെട്ടിയാൽത്തന്നെ ഒട്ടുമുറിയുകയുമില്ല.

ആസൂത്രിതമായ പരിപാടികളിലൂടെ മുന്നേറുകയാണെങ്കിൽ അനതിവിദൂരഭാവിയിൽ നമുക്കു ലക്ഷ്യം നേടാൻ സാദ്ധ്യമാണു്. ചാരം പൊതിഞ്ഞ തീക്കനലിനെ ഊതി ചാരം കളഞ്ഞു്, ഉണങ്ങിയ വിറകു വെച്ചു കൊടുത്താൽ അഗ്നി താനേ കത്തിക്കയറിക്കൊള്ളും.

നമ്മുടെ പരിപാടികൾ എന്തായിരിക്കണം എന്നാണു് അടുത്ത പ്രശ്നം. അവ:—

1. സത്വഗുണാത്മകരായ ഹിന്ദു യുവാക്കന്മാൎക്കു് ഉൽകൃഷ്ടങ്ങളായ ധൎമ്മകൎമ്മാനുഷ്ഠാനമാൎഗ്ഗങ്ങളെ ഉപദേശിച്ചു് അവയെ ശ്രദ്ധാപൂർവ്വം ആചരിക്കുവാൻ ഉത്സാഹിപ്പിക്കുക.

2. ധൎമ്മാനുകൂലമായ ജീവിതപന്ഥാവിലൂടെ അൎത്ഥകാമങ്ങളെ നേടാൻ ജനതയ്ക്കു പ്രചോദനം നല്കുക.

3. അദ്ധ്യാത്മവിദ്യാപ്രചരണം ചെയ്യുക.

ഈ മൂന്നു വിഷയങ്ങളെപ്പററി അടുത്ത ലക്കത്തിൽ വിശദമായി പ്രതിപാദിക്കാം.

# നിർവ്വാണാഷ്ടകം—૩

(ശ്രീശുകവിരചിതം)

**സ്വാമി പൂർണ്ണാനന്ദതീർത്ഥ**

യസ്മിൻ വിശ്വം സകലഭുവനം സാമരസ്യൈകഭൂതം
ഉർവ്വീഹ്യാപോനലമനിലഖം ജീവമേവം ക്രമേണ
യത്ക്ഷാരാബ്ധൌ സമരസതയാ സൈന്ധവൈകത്വഭൂതം
നിസ്ത്രൈഗുണ്യേ പഥി വിചരതഃ കോ വിധിഃ കോ നിഷേധഃ.

യദ്=പ്രകാരാന്തരേണ പറയുകയാണെങ്കിൽ, സൈന്ധവം=ഉപ്പ്, ക്ഷാരാബ്ധൌ=സമുദ്രത്തിൽ, സമരസതയാ=സദൃശഗുണങ്ങൾ ഹേതുവായിട്ട് (സമരസംകൊണ്ട്) യഥാ ഏകത്വഭൂതം ഭവതി=ഏതുപ്രകാരമാണോ ഒന്നായിച്ചേരുന്നതു്, ഏവം ഹി ക്രമേണ=ഇപ്രകാരംതന്നെ ക്രമത്തിൽ, ഉർവ്വി, ആപഃ, അനലഃ, അനിലഃ, ഖം, സകലഭുവനം, വിശ്വം ച= ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം എന്നിവയും സകല ലോകങ്ങളും ബ്രഹ്മാണ്ഡവും, യസ്മിൻ സാമരസ്യേ ഏകഭൂതം സിദ്ധ്യതി=ഏതൊരു നിർവ്വിശേഷവും സമരസവും ആയ ആത്മാവിലാണോ ഒന്നായിത്തീർന്നു ലയിക്കുന്നതു്, നിസ്ത്രൈഗുണ്യേ പഥി വിചരതഃ കോ വിധിഃ= കോ നിഷേധഃ=ത്രിഗുണാതീതമായ ബ്രഹ്മരൂപത്തിൽ ആനന്ദിച്ചുകൊണ്ടിരിക്കുന്നവർക്കു് വിധിനിഷേധങ്ങൾ എവിടെ?

ശബ്ദസ്പർശരൂപരസഗന്ധാത്മികങ്ങളാണ് പ്രപഞ്ചത്തിലെ വസ്തുക്കൾ മുഴുവനും ലോകജ്ഞാനം (വസ്തുജ്ഞാനം) വിഷയങ്ങൾ വഴിക്കേ നമുക്കുണ്ടാകുന്നുള്ളു. വിഷയേന്ദ്രിയങ്ങൾ ഒന്നോ രണ്ടോ മൂന്നോ ഇല്ലാത്തയാൾക്കു് ലോകസ്വരൂപംതന്നെ മാറിപ്പോകുന്നു. അന്ധന്നു സൂര്യചന്ദ്രന്മാരും, രാപ്പകലുകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലല്ലോ. ബധിരന്നു ആർത്തനാദവും, ആവേശജനകമായ ഗാനവും, സിംഹഗർജ്ജനവും, പിഞ്ചുപൈതലിന്റെ കൊഞ്ചലും എല്ലാം ഒന്നു തന്നെ. അതായതു്, അയാൾക്കു് ഇതൊന്നും ഇല്ലതന്നെ. ഏതോ പരമമായ ഒരു പൊരുൾ പഞ്ചേന്ദ്രിയങ്ങളിൽക്കൂടി ദർശിക്കപ്പെടുമ്പോൾ ലോകമായിത്തോന്നുന്നു.

ഈ തോന്നലിന്നു് ആസ്പദം ബാഹ്യവസ്തുക്കളല്ല; തോന്നലുകൾ അങ്കുരിക്കുന്നതായ ചിത്തമാണു്. എന്തുകൊണ്ടെന്നാൽ ചിത്തം സ്വന്തം നിലയെ വിട്ടു് ഭ്രമനിലയെ പ്രാപിക്കുമ്പോൾ, അതായതു് മദിരയാൽ മത്തനായിരിക്കുമ്പോഴും, ഭ്രാന്തുപിടിച്ചിരിക്കുമ്പോഴും ഒരുവൻ ബന്ധു, മിത്രം, കളത്രം, പുത്ര, ഭൃത്യ, പശു, ഗൃഹാദികളേയും മററു ലോകവസ്തുക്കളേയും സ്വസ്ഥചിത്തരായ ഇതരന്മാർ കാണുന്ന മാതിരിയിലല്ല ധരിക്കുന്നതു്. അതുപോലെതന്നെ കണ്ണിന്നു (ദർശനേന്ദ്രിയത്തിന്നു്) കേടുപററുമ്പോൾ മുമ്പിലുള്ള സർവ്വസ്വവും ഇരട്ടയായിട്ടാണു് അറിയുന്നതു്. എട്ടു പുത്രന്മാരുള്ളവൻ പതിനാറു പുത്രരെ കാണുന്നു. ഒരു ഭാര്യയുടെ സ്ഥാനത്തു് രണ്ടു ഭാര്യമാരെയാണു് ദർശിക്കുന്നതു്. ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടതു് ലോകം പഞ്ചഭൂതങ്ങൾ, തന്റെ ശരീരം എന്നതെല്ലാം ചിത്തത്തിലെ സ്വതഃസിദ്ധമായ ഒരു പ്രതിബിംബംമാത്രമാണു്; ഇതിന്നാസ്പദം ചിത്തം മാത്രമാണു്. ചിത്തത്തിന്നാസ്പദമോ. അഹംപ്രതീതി (അഹംകാരം) മാത്രമാണു്. അഹംകാരത്തിന്നാസ്പദം, നിസ്സംഗനായ "അഹം സാക്ഷി" (ദൃക്സാക്ഷി) യാണു്. ദൃക്സാക്ഷിയാകട്ടെ ആത്മാവിന്റെ (സച്ചിദാനന്ദത്തിന്റെ അഥവാ ബ്രഹ്മത്തിന്റെ) പ്രഥമസ്ഫുരണവുമാണു്.

ഈ തത്വം വിവേചനംചെയ്തു് വിധിയാംവണ്ണം അറിഞ്ഞതിന്നുശേഷം ഏതൊരുത്തനാണോ ഉപ്പിൻകട്ട വെള്ളത്തിൽ എന്നപോലെ സച്ചിദാനന്ദസ്വരൂപമായ ശുദ്ധപ്രജ്ഞയിൽ അലിഞ്ഞുചേർന്നൊന്നായി സമരസനായിത്തീരുന്നതു് (മനസ്സു്, ബുദ്ധി, അഹംങ്കാരം എന്നിതുകളെ അഖണ്ഡാകാരവൃത്തി അഭ്യാസംകൊണ്ടു് ശുദ്ധപ്രജ്ഞയാൽ ഭക്ഷിതങ്ങളാക്കിത്തീർക്കുന്നതു്.) പ്രപഞ്ചാതീതമായ അല്ലെങ്കിൽ ത്രിഗുണാതീതമായ, ജ്ഞാനപന്ഥാവിൽ സ്വച്ഛന്ദം വിഹരിക്കുന്ന ആ ജ്ഞാനിക്കു് ജഡമതനിബന്ധനകളാകുന്ന വിധിനിഷേധങ്ങൾ എവിടെ?

# ഹിന്ദുമതത്തിന്റെ അനന്തചൈതന്യം

## സ്വാമി ആത്മാനന്ദ

'ഹിന്ദുമതം' എന്ന വാക്ക് നവീനകാലങ്ങളിൽമാത്രം പ്രചാരത്തിൽ വന്നിട്ടുള്ള ഒന്നാണ്. ഇന്ത്യയിൽ മുഹമ്മദീയർ വന്നുകയറി വാസം ഉറപ്പിച്ചതോടുകൂടി അവരുടെ മതത്തെ മുഹമ്മദീയമതമെന്നറിയപ്പെടുകയും, പിന്നീട് ക്രിസ്തുമതാനുയായികളായ യൂറോപ്യൻ കച്ചവടക്കാർ ധാരാളമായി ഇവിടെ വന്നുതുടങ്ങിയതോടുകൂടി അവരെ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുകയും, ഇവ രണ്ടിൽനിന്നും വേർതിരിച്ചറിയാൻ, നാട്ടുകാരുടെ മതത്തെ ഹിന്ദു മതമെന്നു ക്രമേണ നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു. അങ്ങിനെ വിദേശീയർ നമ്മുടെ മതത്തിനു കൊടുത്ത പേരാണ് 'ഹിന്ദുമതം' എന്നറിഞ്ഞുവരുന്നത്. നമ്മുടെ മതത്തെ പുരാതനകാലംമുതലേ അറിഞ്ഞുവന്നതു 'സനാതനധർമ്മം' എന്ന പേരിലാണ്. മതം എന്ന വാക്കിനർത്ഥം 'അഭിപ്രായം' എന്നാണ്. മുഹമ്മദ് നബിയുടെ ഈശ്വരപരമായും മററുമുള്ള അഭിപ്രായങ്ങളെ പഴയ അറബിസമുദായത്തിന്റെ അഭിപ്രായങ്ങളിൽനിന്നും വ്യത്യാസപ്പെടുത്തി അറിയുവാൻ വേണ്ടിയുണ്ടായ പദമാണ് 'മുഹമ്മദുമതം'; അതുപോലെ യഹൂദസമുദായത്തിന്റെ പുരാതനമതത്തിൽനിന്നു വേർതിരിഞ്ഞ [illegible] 'ക്രിസ്തുമതം', [illegible] മററുമുള്ള അഭിപ്രായങ്ങൾ. അതേ മാതിരിതന്നെ ഇന്ത്യയിൽ ബുദ്ധമതവും, ജൈനമതവും, ശ്രീബുദ്ധദേവൻ ശ്രീജിനൻ എന്നീ മഹാവ്യക്തികളുടെ അഭിപ്രായങ്ങളെ കുറിക്കുന്നു. ഈ വീക്ഷണകോണത്തിലൂടെ നോക്കുന്നപക്ഷം 'ഹിന്ദു' എന്ന ഒരു മഹാവ്യക്തിയുടെ അഭിപ്രായമല്ല 'ഹിന്ദുമതം'.

ആര്യസമുദായത്തിലും മഹാവ്യക്തികൾ ഉണ്ടായിട്ടുണ്ട്. അവരുടെ മതപരവും, സാമൂഹ്യപരവും, സാമ്പത്തികപരവുമായുള്ള അഭിപ്രായങ്ങളെ വലിയൊരു വിഭാഗം ജനത സ്വീകരിച്ചു നടന്നുവന്നിരുന്നു.

മനു, യാജ്ഞവല്ക്യൻ, പരാശരൻ, മുതലായ ഋഷീശ്വരന്മാർ ഭാരതീയ ചിന്താഗതിയിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചവരായിരുന്നു. അവരുടെ അഭിപ്രായങ്ങളെയോ—അഥവാ അവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളെയോ ആണ് മനുസ്മൃതി, യാജ്ഞവല്ക്യസ്മൃതി, പരാശരസ്മൃതി, എന്നെല്ലാം വിളിച്ചുവരുന്നതു്. അവരെയെല്ലാംതന്നെ 'സനാതനധർമ്മികരം' എന്നാണ് അവരുടെ വ്യത്യസ്തതയിലും ഏകത്വത്തെ ക്കണ്ടു ലോകം അറിഞ്ഞുവന്നിരുന്നതു്. ഇങ്ങിനെ ഹൈന്ദവഋഷികരംക്കും തങ്ങളുടെ വ്യത്യസ്തങ്ങളായ സ്മൃതികരംക്കും അടിസ്ഥാനം 'സനാതനതത്വങ്ങളും'; അവയിൽനിന്നുണ്ടായ ധർമ്മാചരണവുമാണെന്നാണ് കരുതി വന്നിരുന്നതു്.

"ധർമ്മങ്ങരം മാറാം തത്വങ്ങരം മാറുന്നില്ല"

ഇങ്ങനെയുള്ള ഋഷിപാരമ്പര്യത്തിൽ, നാനാത്വത്തിൽ ഏകത്വത്തെ കാണുക, വ്യത്യസ്തമായി തോന്നുന്നതെന്തിലും ഒരേ ഒരു തത്വം സദാ നിലനിന്നുപോരുന്നു എന്നു് അടിയുറച്ചു വിശ്വസിക്കുക, എന്നിവ രണ്ടും എന്നും സ്വീകാര്യങ്ങളായിരുന്നു.

നമ്മുടെ ദേഹത്തെത്തന്നെ എടുത്തു നോക്കുന്നപക്ഷം അതു ബാല്യത്തിലും യൌവ്വനത്തിലും വാദ്ധക്യത്തിലും ഒരുപോലെയല്ല; വ്യത്യാസപ്പെട്ടുകൊണ്ടേയിരിക്കുന്നു. എന്നാൽ ഈ വ്യത്യാസങ്ങളുണ്ടെങ്കിലും താൻ മാറാത്ത ഒരു വ്യക്തിയാണെന്നുള്ളതു എല്ലാവർക്കും സമ്മതമായ ഒരു വസ്തുതയാണ്. എന്തുകൊണ്ടെന്നാൽ ഇങ്ങനെയുള്ള വ്യത്യാസങ്ങരംക്കു മദ്ധ്യേ മാററമില്ലാത്ത ഒരു വസ്തു നിലനില്ക്കുന്നുണ്ടു്. അതാണ് സനാതനവസ്തു; അതിനെ പ്രതിപാദിക്കുന്ന ധർമ്മമാണ് സനാതനധർമ്മം; ഇതാണ് ഹിന്ദുക്കളുടെ പൊതുവെയുള്ള ചിന്താഗതി.

വ്യക്തിമാഹാത്മ്യത്തിനു ഹിന്ദുക്കളും പരിഗണന കൊടുത്തുവരാറുണ്ടെങ്കിലും, വ്യക്തിയേക്കാരം തത്വങ്ങരംക്കാണ്—സത്യങ്ങരംക്കാണ് അവർ അധികം പ്രാധാന്യം കൊടുക്കുന്നതു്. അതുകൊണ്ടാണ് മനുസ്മൃതി, യാജ്ഞവല്ക്യസ്മൃതി, പരാശരസ്മൃതി, മുതലായ പതിനെട്ടു സ്മൃതികരം ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടായിരുന്ന പണ്ടു കാലത്തും അവയ്ക്കെല്ലാം പൊതുവായ ഒരു 'സനാതനധർമ്മം നിലനിന്നു പോന്നതു്. അതിനെയാണ് കാലാന്തരമായി 'ഹിന്ദുമതം' എന്നു വിളിക്കുവാൻ തുടങ്ങിയിട്ടുള്ളതും. അല്ലാതെ ക്രിസ്തുമതം, ബുദ്ധമതം, മുഹമ്മെദ്ദുമതം എന്നി

വയെപ്പോലെയെല്ലാം ഒരേ ഒരു മഹാവ്യക്തിയെമാത്രം ആശ്രയിച്ചു നില്ക്കുന്ന ഒന്നല്ല ഹിന്ദുമതം. സനാതനമായ ഉപനിഷത്തത്വങ്ങളെ ആശ്രയിച്ചുനില്ക്കുന്നതാണ് ഹിന്ദുമതം. അതുതന്നെയാണ് അതിൻെറ അനന്തചൈതന്യപ്രഭാവഹേതുവും.

നാം ഹിന്ദുമതത്തെ ചരിത്രദൃഷ്ട്യാ നോക്കുന്നതായാലും അതിൻെറ അനന്തചൈതന്യപൂർണ്ണമായ പ്രഭാവം കാണുന്നുണ്ട്. മനുഷ്യൻ ഒരു ആത്മാവാണെങ്കിലും ആ ആത്മാവിനെ മററുള്ളവൻ, എന്നുവേണ്ട അവനവൻതന്നേയും കാണുന്നില്ല. ആത്മാവു് ഉടൽ എടുക്കുന്നു. ഈ ഉടലിനെയാണ് നമ്മളും മററുള്ളവരും കാണുന്നതു്. ഇതു വ്യക്തിക്കെന്നപോലെ തത്വങ്ങൾക്കും ബാധകമാണ്. വ്യക്തിയുടെ ദേഹം ജീർണ്ണിച്ചു മരിച്ചാലും, ആ വ്യക്തിയുടെ ആത്മാവു നിലനില്ക്കുന്നു; മറെറാരു ദേഹമെടുത്തു പുരുഷാർത്ഥത്തിന്നായി പ്രയത്നിക്കുന്നു. അതേ മാതിരിതന്നെ തത്വങ്ങൾ സമുദായപരമായും ആചാരപരമായും, ഓരോ നടപടികളുടെ രൂപമെടുക്കുന്നു. ഈ സമുദായനടപടികളിലും, ആചാരസമ്പ്രദായങ്ങളിലും, ക്രമേണ ന്യൂനതകൾ കടന്നുകൂടുന്നു. ഇതു ദേഹത്തെ വാർദ്ധക്യം അക്രമിക്കുന്നതുപോലെയാണ്. എന്നാൽ ദേഹത്തെ വാർദ്ധക്യം അക്രമിക്കുന്നതു പ്രകടമായി കാണാം; സമുദായാചാരങ്ങളിലോ, സമ്പ്രദായങ്ങളിലോ വന്നുചേരുന്ന ഇത്തരം ന്യൂനതകളെ നാം അത്ര വ്യക്തമായി കാണുന്നില്ല. അതുകൊണ്ടാണ് തമോമയനായ മനുഷ്യൻ ജീർണ്ണിച്ചു മരിച്ചുപോയ ആചാരങ്ങളെ വിടാതെ മുറുക്കിപ്പിടിച്ചുകൊണ്ടിരിക്കുന്നതായി പലപ്പോഴും നാം കാണുന്നതു്. ഇങ്ങനെ സമുദായത്തിനു ദുരവസ്ഥ വന്നുചേരുമ്പോൾ നിലവിലുള്ള തത്വങ്ങൾക്കു നവീനരൂപം കൊടുത്തു സമുദായത്തെ നിലനിർത്തുന്നവരാണ് സമുദായമദ്ധ്യേ ജനിക്കുന്ന മഹാത്മാക്കൾ. ഇങ്ങിനെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ ഭാരതത്തിൽ മഹാത്മാക്കൾ ജനിച്ചു് ആ ഘട്ടങ്ങളെ തരണംചെയ്യുന്നതു നാം കണ്ടുകൊണ്ടിരിക്കുന്നതാണ്. ഇതാണ് സനാതനധർമ്മത്തിൽ—ഹിന്ദുമതത്തിൽ—അനന്തചൈതന്യം അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുന്നു എന്നതിനു പരമലക്ഷ്യം.

ശ്രീബുദ്ധദേവൻ ഒരു ഹിന്ദുവായിട്ടാണ് ജനിച്ചതും ജീവിച്ചതും. അദ്ദേഹത്തിൻെറ കാലത്തു ഹിന്ദുധർമ്മത്തെ വൈദികയജ്ഞങ്ങൾ, യാഗങ്ങൾ മുതലായവ ദേഹത്തെ മന്തെന്നപോലെ ആക്രമിച്ചിരുന്നു. വേ

ദത്തിൽ 'കർമ്മഭാഗം' ഉണ്ട്. എന്നാൽ ജ്ഞാനഭാഗവും ഉണ്ട്. ഈ അമൂല്യമായ ജ്ഞാനഭാഗത്തെ സമുദായം വിസ്മരിച്ചു കർമ്മത്തിൽമാത്രം മുഴുകിയ കാലമായിരുന്നു ബുദ്ധദേവന്റെ കാലം. സംസ്കാരസമ്പന്നനായ സിദ്ധാർത്ഥന്നു ഹിംസാപരമായ യജ്ഞങ്ങളുടെ നിസ്സാരത ജനനാൽതന്നെ വ്യക്തമായിരുന്നു. എന്നാൽ അദ്ദേഹത്തിനു് ആദ്യകാലങ്ങളിൽ ഉപനിഷദ്തത്വങ്ങൾ വെളിവായി കാണാൻ കഴിഞ്ഞിരുന്നില്ല. ക്രമേണ അദ്ദേഹം ഗാഢമായ തത്വാന്വേഷണത്തിൽ ഏർപ്പെട്ടു. ആത്മസാക്ഷാൽകാരം ചെയ്തു ബുദ്ധനായി. അനന്തരം അന്നു പ്രബലതയിലിരുന്ന യാഗാദികളുടെ അർത്ഥശൂന്യതയെ സമുദായത്തിനു വ്യക്തമാക്കിക്കൊടുത്തു. അഹിംസ, സത്യം, കാരുണ്യം, ധ്യാനം, മുതലായ അമൂല്യങ്ങളായ ഉപനിഷത്തത്വങ്ങളെ ജനങ്ങൾക്കു വീണ്ടെടുത്തു കൊടുക്കയും ചെയ്തു.

ഇതോടുകൂടി ഭാരതഭൂമിയിൽ വേദാന്തം ഒരു പുതിയ നാമധേയത്തിൽ, ഒരു പുതിയ രൂപം കൈക്കൊണ്ടു. എന്നാൽ ബുദ്ധമതാനുയായികളും കാലക്രമേണ ഈ തത്വങ്ങളെ വിസ്മരിക്കുവാൻ തുടങ്ങി. യാഗങ്ങൾക്കുപകരം ബുദ്ധവിഹാരങ്ങളും, ഭീമാകാരങ്ങളായ ബുദ്ധവിഗ്രഹപൂജകളും നികൃഷ്ടരീതിയിലുള്ള അനേകവിധം ഉപാസനാക്രമങ്ങളും ആവിർഭവിച്ചു. സമുദായത്തിനു വീണ്ടും രോഗം ബാധിച്ചു.

ഇതേ സമയംതന്നെ ഹൈന്ദവവൈദികാചാരങ്ങൾക്കും പ്രാബല്യം വർദ്ധിക്കുവാൻ ആരംഭിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഹിന്ദുക്കൾ ബഹുമാനം നല്കുവാൻതുടങ്ങി. എന്നാൽ ബുദ്ധദേവന്റെ സമാധിക്കുശേഷം ഏതാണ്ടായിരത്തിയിരുനൂറു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ശ്രീശങ്കരൻ ഭാരതഭൂമിയിൽ ഉദയംചെയ്തു. അദ്ദേഹം ബുദ്ധദേവനേക്കാൾ മനഃശാസ്ത്രനിപുണനായിരുന്നു. മനോബലമുള്ളവനും അതില്ലാത്തവനും, ഒരേതരം ആചാരവും അനുഷ്ഠാനവും സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. തന്മൂലം ക്ഷേത്രങ്ങളിലും മററും നടപ്പിലിരുന്ന പൂജാപദ്ധതിയും മററും നിലനിൽക്കേണ്ടതാണെന്നു മനസ്സിലാക്കി അവയെ വേണ്ടവണ്ണം പരിഷ്കരിച്ചു. എന്നാൽ വേദത്തി[illegible]ാണെന്നും [illegible]ദാന്താനുഷ്ഠാനങ്ങളാണു് [illegible]വലവാന്മാർ അവലംബിക്കേണ്ടതെന്നും അദ്ദേഹം സയുക്തികം സ്ഥാപിച്ചു. ഇങ്ങിനെ ഇരുകൂട്ടർക്കും വഴിതെളിച്ചു. വൈദികകർമ്മങ്ങൾ

# ഭജഗോവിന്ദം

അഥവാ

# മോഹമുദ്ഗരം-8

**സ്വാമി പുരുഷോത്തമതീർത്ഥ**

[ തുടർച്ച ]

(21)

മൂലം:—പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം ।
ഇഹ സംസാരേ ഖലു ദുസ്താരേ
കൃപയാഽപാരേ പാഹി മുരാരേ॥
(ദൃഢഭക്തവിരചിതം)

---

നശ്വരങ്ങളായ ഫലങ്ങളാണുള്ളതു്. തന്മൂലം സ്വധർമ്മത്തിനും കർമ്മയോഗത്തിനും അവയേക്കാൾ എത്രയോ മടങ്ങു വിലയേറുമെന്നും, അതിനാൽ ഇവയേയാണു് ജനങ്ങൾ അവലംബിക്കേണ്ടതെന്നും, അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ ആവിർഭാവത്തോടുകൂടി ഹിന്ദുമതത്തിനു് ഒരു നവചൈതന്യം ഉളവായി, യശസ്സും കീർത്തിയും വർദ്ധിച്ചു, ബുദ്ധമതാനുയായികൾ ഹിന്ദുക്കളായി മാറി. പരിഷ്കരിച്ചെട്ടത്ത ഹിന്ദുമതത്തിനും, ബുദ്ധമതത്തിനും തമ്മിൽ കാര്യമായ വ്യത്യാസമൊന്നും അവർക്കു കാണാൻ കഴിഞ്ഞില്ല.

എന്നാൽ കാലഗതിയിൽ പലതിനും ശക്തി ക്ഷയിക്കും. ഇക്കാരണത്താലും ലോകത്തിൽ എവിടേയും പ്രബലന്മാരായിരുന്ന ക്രൈസ്തമതാനുയായികളുടെ ആശയാക്രമണംകൊണ്ടും ഹിന്ദുമതം തകർന്നുപോകുമോ എന്നു ഭീതി ജനിച്ചിരുന്ന കാലത്താണു് ശ്രീരാമകൃഷ്ണദേവൻ, വിവേകാനന്ദസ്വാമികൾ, രമണമഹർഷി, മഹാത്മാഗാന്ധി എന്നു തുടങ്ങിയ മഹാത്മാക്കൾ ഹിന്ദു ധർമ്മോദ്ധാരണാർത്ഥം ആവിർഭവിച്ചതു്. ഇവരുടെ ആവിർഭാവം സനാതനധർമ്മത്തെ തുടച്ചു വെടിപ്പാക്കാൻ വളരെ അധികം ഉപകരിച്ചു. ഇങ്ങനെയുള്ള മഹാത്മാക്കളുടെ ഉദയംമൂലം ഹിന്ദുമതത്തിന്റെ അനന്തചൈതന്യം തിളങ്ങിജ്വലിക്കുവാൻ തുടങ്ങുന്ന കാലമാണു് ഈ നമ്മുടെ കാലം. (തുടരും)

ഭാഷ:—ആവർത്തിപ്പൂ ജനനം മരണം
വീണ്ടും ജനനീ ഗർഭസ്ഥിതിയും
ഈ സംസാരം താണ്ഡവതോ ബഹു
കഷ്ടം, രക്ഷിക്കേണമേ, കൃഷ്ണാ!

ജനങ്ങൾ സംസാരത്തെ ഭയപ്പെടുന്നു. പക്ഷേ എന്താണീ സംസാരം? ഈ ലോകത്തിൽ ജീവരൂപേണ ജനിക്കൽ; നൈമിഷികവും ദുഃഖസങ്കലവുമായ ഒരു ജീവിതം; മരണം—ഈ മൂന്നു സംഭവങ്ങളുടേയും പിന്നേയും പിന്നേയുമുള്ള ആവർത്തനം—ഇതാണ് സംസാരം.

ജീവിതം സുഖസമ്പന്നവും ശാന്തിസമൃദ്ധവും ആണെങ്കിൽ, ആരും സംസാരത്തെ ഭയപ്പെടുകയില്ല; വെറുക്കുകയുമില്ല. "അപാരവും ദുസ്താരവുമായ ഈ സംസാരത്തിൽനിന്നും, ഹേ കൃപാലുവായ മുരാരേ! എന്നെ രക്ഷിക്കൂ!" എന്നു പ്രസ്തുത ഗീതത്തിൽ പറയേണ്ടിവരികയുമില്ലായിരുന്നു. വിഷയവാസനകളിൽ അടിയുറച്ച ലോകജീവിതം ശാന്തിയേയും സുഖത്തേയും കൊടുക്കുവാൻ പര്യാപ്തമാണെങ്കിൽ, പിന്നെ സ്വർഗ്ഗമെന്തിന്? മോക്ഷമെന്തിന്? ആകയാൽ ജനിമരണമാകുന്ന സംസാരത്തിൽനിന്നും മോക്ഷം ആവശ്യപ്പെടുന്നതു ലോകജീവിതം ദുഃഖകരമാണെന്നു സർവ്വസമ്മതമാകയാൽത്തന്നെ, സംശയമില്ല. ഇതു വായിക്കുന്ന നിങ്ങൾ ഓരോരുത്തരും, ദൈവീകവും അദ്ധ്യാത്മികവുമായ വിഷയങ്ങളിൽ ശ്രദ്ധാലുക്കളാവാൻ കാരണമെന്ത്? നിങ്ങൾക്കേവർക്കും കൈവന്നിട്ടുള്ള ഈ മനുഷ്യജന്മത്തിൽ, ലോകജീവിതം നിങ്ങൾക്കു ശാശ്വതശാന്തിയെത്തരാത്തതുകൊണ്ടുതന്നെയല്ലേ?

"യേ ഹി സംസ്പർശജാ ഭോഗാ ദുഃഖ യോനയ ഏവ തേ ।
ആദ്യന്തവന്തഃ കൗന്തേയ ന തേഷു രമതേ ബുധഃ" ॥
(ഗീതാ 5–22)

"ഇന്ദ്രിയസ്പർശം കൊണ്ടുണ്ടാകുന്ന ലൌകികഭോഗങ്ങൾ വാസ്തവത്തിൽ ദുഃഖത്തിന്റെ ഉറവിടമാണ്. അവ ആഗമാപായികളാണ്. ബുദ്ധിയുള്ളവർ അവയിൽ ഒരിക്കലും രമിക്കുകയില്ല."

ഈ ഗീതാശ്ലോകം ഐഹികജീവിതം നിത്യശാന്തിയെ ഒരിക്കലും പ്രദാനം ചെയ്യില്ലെന്ന തത്വത്തെ ഏവർക്കും പഠിപ്പിക്കുന്നതാണ്.

അങ്ങിനെ വരുമ്പോഠം, ലൌകികവിഷയങ്ങളുടെ ആകഷ്ണത്തിൽപ്പെടാതെ, വാസനാരഹിതമായ ഒരു ജീവിതം സാദ്ധ്യമാണോ, എന്ന ചോദ്യം പൊന്തിവരുന്നു. ഒരു ജന്മത്തിലല്ലെങ്കിൽ മറെറാരു ജന്മത്തിൽ, ഒരു കാലഘട്ടത്തിലല്ലെങ്കിൽ മറെറാരു കാലഘട്ടത്തിൽ, നമുക്കേവക്കും നമ്മോടുതന്നെ ചോദിക്കേണ്ടിവരുന്ന ഒരു ചോദ്യമാണിതു്. ഈ ചോദ്യം ചച്ചാവിഷയമാകുമ്പോഴാണ് നാം മാനവജന്മത്തിൻെറ പരമലക്ഷ്യത്തെക്കുറിച്ചും, ആ ലക്ഷ്യത്തെ അടയുവാനുള്ള ഭക്തിജ്ഞാനാദി സാധനകളെക്കുറിച്ചും ഗാഢമായി ചിന്തിച്ചുതുടങ്ങുന്നതു്. ഈ ചിന്തനത്തിലേപ്പെടുവാനും, വാസനാനുസ്യതമായ ഒരു സന്ദഭം വരണം.

ലോകവിഷയങ്ങഠം മനുഷ്യനെ അവയ്ക്കു വശംവദനാക്കി, അവയിൽ രമിപ്പിച്ചു്, അവയിൽ തൃഷ്ണയെ വളത്തി, പിന്നേയും പിന്നേയും ജനിക്കുവാനും മരിക്കുവാനും, വീണ്ടും വീണ്ടും ജനനിയുടെ ഉദരത്തിൽ ഗഭസ്ഥശിശുവായി ശയിക്കുവാനും കാരണമാക്കിത്തീക്കുന്നു. ഈ വസ്തുത വേണ്ടുംവണ്ണം മനസ്സിലാക്കിയാൽ, നരൻ വിഷയങ്ങളെ വെറുക്കുവാൻ തുടങ്ങുകയായി; അവയോടു് അവനു 'വൈരാഗ്യം' വളരുകയായി. ഈ വിഷയതൃഷ്ണയാകുന്ന നദി; സംസാരമാകുന്ന സാഗരത്തെ അനവരതം പോഷിപ്പിക്കുകയാണ്. ഈ സാഗരത്തെ തരണംചെയ്തു്, മോക്ഷപദമാകുന്ന മറുകര പററണമെങ്കിൽ, പരാഭക്തിയാകുന്ന നൌകയിൽക്കയറി, 'വൈരാഗ്യ'മാകുന്ന പങ്കായം ഉപയോഗിച്ചു്, ജ്ഞാനമാകുന്ന അമരക്കാരൻ നമ്മെ അക്കരയണച്ചേ പററൂ.

ഐഹികഭോഗങ്ങളിൽ വെറുപ്പു തോന്നി, ഉത്തമപുരുഷാത്ഥമായ മോക്ഷത്തെ കാംക്ഷിക്കുന്ന സജ്ജനങ്ങളെ, കരുണാനിധിയായ സവ്വേശ്വരൻ ഒരിക്കലും കൈവെടിയുകയില്ല. മുൻ പദ്യത്തിൽ പറഞ്ഞവിധം, അവക്കു് ദൈവം അദ്വൈതവാസനയെ പ്രദാനം ചെയ്യുന്നു. ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഒരു സദ്ഗുരുവിൻെറ സഹായത്തെ അവക്കു തേടിക്കൊടുക്കുന്നു. ഒമ്പതാം ഗീതത്തിൽ പ്രതിപാദിച്ചവിധം അവക്കു സദ്സംഗം സിദ്ധിക്കുന്നു; സദ്സംഗം വിവേകത്തെ വളത്തുന്നു; വിവേകം 'വൈരാഗ്യ'ത്തെ വദ്ധിപ്പിക്കുന്നു; വൈരാഗ്യം അവരെ ആത്മസാക്ഷാത്കാരത്തിന്നായി പ്രവത്തിപ്പിക്കുന്നു.

സംസാരസാഗരതരണത്തിന്നുള്ള മാഗ്ഗം ഇതൊന്നുമാത്രമാണ്.

(22)

മൂലം:—രഥ്യാചപ്പട വിരചിത കന്ഥഃ
പുണ്യാപുണ്യവിവർജ്ജിത പന്ഥഃ ।
യോഗീയോഗ നിയോജിതചിത്തോ
രമതേ ബാലോന്മത്തവദേവ ॥
(നിത്യാനന്ദവിരചിതം)

ഭാഷ:—കീറത്തുണികൾ തുന്നിയുടുത്തൊരു
പുണ്യാപുണ്യവിവർജ്ജിതമാർഗ്ഗൻ
യോഗീ—യോഗവിയോജിതചിത്തൻ
വെൽവൂ, ബാലോന്മത്തനു തുല്യം.

ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി—ഇവ മൂന്നും തുരീയമാകുന്ന ശുദ്ധപ്രജ്ഞയിൽ പടുത്തുണ്ടാക്കിയ അവസ്ഥാവിശേഷങ്ങളാണ്. ശുദ്ധപ്രജ്ഞയാകുന്ന ഈ അടിത്തറയില്ലെങ്കിൽ, ജാഗ്രദാദി മൂന്നവസ്ഥകളും പരസ്പരബന്ധമില്ലാത്ത സ്ഥിതിവിശേഷങ്ങളാവും. അങ്ങിനെ വരുമ്പോൾ (അവയെ കൂട്ടിയിണക്കുന്ന ഒരു പൊതുവായ അസ്തിവാരമില്ലെന്നു വരുമ്പോൾ), ഓരോ ദിവസവും നാം ഉറക്കം കഴിഞ്ഞുണരുന്നതു് ഓരോ പുതിയ ജന്മവും കൊണ്ടാവണം; പുതിയ ഓരോ ലോകത്തിലുമാവണം. അതുപോലെ ഓരോ സ്വപ്നവും ഓരോ പുതിയ ലോകമാവണം. എന്നാൽ, അങ്ങിനെയല്ല നമ്മുടെ അനുഭവം. "ഇന്നലെ ഞാൻ ഉറങ്ങി. ഉറക്കം വളരെ സുഖമായി. ഇന്നു കാലത്തു നേരത്തെ ഉണൎന്നു. ഇന്നലെ ചെയ്തുതീൎക്കാതെ ബാക്കി വെച്ചിരുന്ന ജോലികൾ ഇതാ ചെയ്യുകയാണ്," എന്നു നാം പറയുന്നു. 'ഞാൻ' എന്ന ഏതോ ഒരു ഭാവം ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകൾക്ക് ഒരുപോലെ അധിപതിയായി, ഇവ മൂന്നിനേയും കോൎത്തിണക്കിക്കൊണ്ടു വിലസുന്നില്ലെങ്കിൽ, ഇന്നലെ സുഷുപ്തിയിൽ ലയിച്ച ലോകവും വ്യക്ത്യാദിഭാവങ്ങളും, ഇന്നുണരുമ്പോൾ എങ്ങിനെ നിലവിൽവരും? സ്വപ്നം കണ്ടുണൎന്ന ഞാൻ പറയുകയാണ്: "ഞാൻ കണ്ടതു സ്വപ്നമാണ്; അതു വാസ്തവമല്ല" എന്നു്. പക്ഷേ, സ്വപ്നം കാണുന്ന സമയം അതു വാസ്തവമായിരുന്നു; അതിന്നു പ്രസക്തിയുമുണ്ടായിരുന്നു. മറിച്ചു്, ആ സമയത്തു ജാഗ്രത്താണു് അവാസ്തവമായിരുന്നതു്. എന്നാൽ 'ഞാൻ'

ഈ രണ്ടവസ്ഥകളേയും വിഭജിച്ചറിയുന്നു; എന്നു മാത്രമല്ല ജാഗ്രത്തിനു മാത്രം വാസ്തവികതയെ സങ്കല്പിച്ചു കൊടുക്കുകയും ചെയ്യുന്നു.

ഉന്മത്തനായ ഒരാൾക്ക്—ഭ്രാന്തന്—ഈ വിഭജനമില്ല. അപ്രസക്തമാണെന്നു നാം കരുതുന്ന പലതിനേയും അയാൾ കൂട്ടിക്കലർത്തുന്നു. പ്രസക്തമായ ജാഗ്രത്തിനും അപ്രസക്തമായ സ്വപ്നത്തിനും തമ്മിൽ അയാൾക്കു ഭേദമില്ല. തത്സമയത്തെ മാത്രം അപേക്ഷിച്ചാണയാൾ ജീവിക്കുന്നതു്. ഒരു ചെറുബാലന്റെ സ്വഭാവവും ഇതുതന്നെ. താൻ വേണമെന്നു ശഠിച്ചു്, കരഞ്ഞു മേടിച്ചതായ ഒരു കളിപ്പാട്ടം, സ്വർണ്ണനിർമ്മിതമായാലും ശരി, കളിച്ചു മതിവരുമ്പോൾ അതിനെ വലിച്ചെറിയുന്നു. "സമലോഷ്ടാശ്മ കാഞ്ചനഃ". അതിനു മണ്ണു്, കല്ലു്, തങ്കം എന്ന ഭേദഭാവനയില്ല; കാലത്രയബോധമോ, അവസ്ഥാത്രയഭേദമോ ഇല്ല. ഈ വ്യത്യാസങ്ങളെല്ലാം നാം അവനെ പഠിപ്പിക്കുകയാണു്. ഇല്ലാതിരുന്ന ഈ ഭാവനകളെ 'സങ്കല്പ'രൂപേണ നാം അവനിൽ അങ്കുരിപ്പിക്കുകയാണു്. ബുദ്ധിക്കു വികാസം വരുന്തോറും, ഈ സങ്കല്പങ്ങൾക്കു വ്യാപ്തിയും പ്രഭാവവും വർദ്ധിക്കുന്നു. ഇതു് എല്ലാ ജീവന്മാരുടേയും പൊതുസ്വഭാവമാണു്.

"യോഗനിയോജിതചിത്തനായ യോഗി ബാലനെപ്പോലേയും ഉന്മത്തനെപ്പോലേയും രമിക്കുന്നു."

അന്തഃകരണത്തിൽ ഉളവായിട്ടുള്ള ജാഗ്രദാദി അവസ്ഥാഭേദങ്ങളും, സുഖദുഃഖാദി ഭാവനാഭേദങ്ങളും 'തുരീയ'മാകുന്ന ശുദ്ധപ്രജ്ഞയിൽ കല്പിതം (ആരോപിതം) ആണെന്നും ഈ വക സങ്കല്പങ്ങൾ ഇല്ലാതായാൽ, ഭേദരഹിതവും സുഖദുഃഖവർജ്ജിതവും സ്വാസ്ഥ്യപൂർണ്ണമായ ശാന്തി അവശേഷിക്കുമെന്നും മനസ്സിലാക്കി, ശ്രവണമനനധ്യാനാദി യോഗത്താൽ കർത്തൃത്വഭോക്തൃത്വഭാവത്തോടുകൂടിയ ജീവാത്മാവിനെ, ദേഹം മുതലായ ഉപാധികളിലുള്ള താദാത്മ്യബോധത്തിൽനിന്നും മോചിപ്പിച്ചു്, പരമാത്മഭാവത്തിൽ ലയിപ്പിച്ചു് ജീവിതശേഷം നയിക്കുന്ന യോഗികൾക്കു് എല്ലാം ബ്രഹ്മമയമാണു്. അവർക്കു് ജാഗ്രത്തില്ല; സ്വപ്നമില്ല; സുഷുപ്തിയില്ല. ഉന്മത്തന്മാരെപ്പോലേയും ബാലന്മാരെപ്പോലേയും അവർ ഒന്നിനാലും ബാധിതരാവാതെ 'രമി'ക്കുന്നു.

ശരീരവാന്മാരായ ഇവർക്കും പ്രാരബ്ധശേഷംവരെ കാലം നയിക്കേണ്ടതുണ്ടു്. പക്ഷേ, ഇവർ ലൌകികരായ ജനങ്ങളെപ്പോലെ ലോക

വിഭവങ്ങൾക്കായി സമരം ചെയ്യുന്നില്ല. അന്യക്കാവശ്യമുള്ള ലോക വസ്തുക്കളിലൊന്നിലും അവർ തല്പരരല്ല. വഴിയിൽ മററുള്ളവർ ഉപേക്ഷിച്ചെറിഞ്ഞ കീറത്തുണിക്കഷണങ്ങളെ അവർ പെറുക്കി തുന്നിക്കൂട്ടി യുടുക്കുന്നു. ഭക്ഷണം വല്ലവരും കൊടുത്താൽ കഴിക്കും; അല്ലെങ്കിൽ; വേണ്ടിവന്നാൽ പ്രകൃതിദത്തമായ കായ്കനികൾ പറിച്ചു തിന്നെന്നും വരാം. അവക്കു പുണ്യപാപഭേദചിന്തയില്ല. പുണ്യംചെയ്തു് അവക്കു് ഒന്നും നേടേണ്ടതായിട്ടില്ല; പാപംചെയ്തുവെന്ന ദോഷചിന്തയുമില്ല.

ഇതാണു് ഉത്തമോത്തമമായ അബാധിത സഹജസ്ഥിതി. ഇതു കൈവന്നവരാണു് ധന്യധന്യന്മാർ:

(23)

മൂലം:— കസ്ത്വം കോഹം കുത ആയാതഃ
കാ മേ ജനനീ കോ മേ താതഃ ।
ഇതി പരിഭാവയ സർവ്വമസാരം
വിശ്വം ത്യക്ത്വാ സ്വപ്നവിചാരം ।
(യോഗാനന്ദവിരചിതം)

ഭാഷ:— നീയാർ, ഞാനാ,രെവിടുന്നെത്തീ,
യച്ഛനു,മമ്മയു,മെന്നുടെ,യാരാർ
എന്നീ വസ്തുതയെല്ലാം ചിന്തിച്ചു–
പ്പുറമെത്തൂ, സ്വപ്നത്തിരയിൽ.

ബഹിർമുഖത്വമാണു് ലോകജീവിതത്തിൻെറ അടിത്തറ. അന്യ വ്യക്തികളും, പശ്വാദിജീവികളും ഭോഗവസ്തുക്കളും ഇല്ലാത്ത ലൌകിക ജീവിതം നമുക്കു വിഭാവനം ചെയ്യുവാൻ കഴിയുകയില്ല. ഇവയെല്ലാമായുള്ള നമ്മുടെ പരസ്പരബന്ധവും ആ ബന്ധത്തിൻെറ പ്രത്യാഘാതങ്ങളുമാണു് ജീവിതത്തിലെ മുഖ്യഘടകങ്ങൾ. ഇവയിൽ 'ഞാൻ' എന്ന ഘടകമൊഴിച്ചു മറെറല്ലാം ബാഹ്യമാണു്; നമ്മിൽ നിന്നന്യമാണു്. 'ഞാൻ' എന്ന മുഖ്യഘടകത്തിൻെറ യാഥാത്ഥ്യം അറിയാതെ ബാഹ്യമായ മററു ഘടകങ്ങളിൽ നാം വ്യാപരിക്കുമ്പോഴാണു്, ശോകമോഹാദികൾ നമ്മെ ഉലക്കുന്നതു്.

യോഗാനന്ദർ ഈ ഗീതത്തിൽ ചോദിക്കുകയാണു്: "ഞാൻ ആർ? എവിടെനിന്നു വന്നു? നീയാർ? എൻെറ അച്ഛനും അമ്മയും ആരാർ?"

അദ്ദേഹം നമ്മോ എവരോടും ഈ ചോദ്യങ്ങൾ ചോദിച്ചു നോക്കി, അവയുടെ മറുപടികളെക്കുറിച്ചു പരിചിന്തനം ചെയ്യുവാൻ പറയുകയാണ്.

നമുക്കുണ്ടാവുന്ന ഏതു തരത്തിലുള്ള അറിവും ബോധാത്മകമാണ് — അന്തഃകരണത്തിൽ ബോധരൂപേണ ഉദിക്കുന്ന ചിന്താശകലങ്ങൾ മാത്രം! ഈ ചിന്താശകലങ്ങളുടെ അടിസ്ഥാനത്തിലാണ് ജനങ്ങൾ സാധാരണ "ഞാൻ കുലീനൻ, പണ്ഡിതൻ, ധനവാൻ, സുന്ദരൻ, ഉത്തമൻ" എന്നും മററും അഹങ്കരിക്കുന്നതും, "ഞാൻ ദരിദ്രൻ, പതിതൻ, പാമരൻ, വികൃതൻ, അധമൻ" എന്നും മററും വിലപിക്കുന്നതും. വാസ്തവത്തിൽ ഈ പറഞ്ഞതെല്ലാം 'ഞാൻ' എന്ന വ്യക്തിത്വത്തിന്നാസ്പദമായ ശരീരത്തിൻെറ ചില ചിഹ്നങ്ങളല്ലേ? ഇവയെല്ലാം 'ഞാൻ' ആകുന്നതെങ്ങിനെ? ഇന്നത്തെ ധനവാൻ നാളെ ദരിദ്രനാവുന്നു; ദരിദ്രൻ ധനവാനും. 'എൻെറ' ധനം പോയാൽ ഞാൻ ദരിദ്രൻ. 'എൻെറ' ദാരിദ്ര്യം നീങ്ങിയാൽ ഞാൻ ധനവാൻ; അതായതു്, ധനവും ദാരിദ്ര്യവും എല്ലാം 'ഞാൻ' എന്ന ഭാവത്തിൻെറ ബാഹ്യപ്രതീകമായ ശരീരത്തിൻെറ ചില ചിഹ്നങ്ങൾ. 'ഞാൻ' ശരീരമല്ല; മറിച്ച്, അഭിമാനിയായ ശരീരം 'എൻേറ'താണ്. ആകയാൽ, സ്വശരീരമടക്കം ഈ ജഗത്തിൽ ഒന്നുംതന്നെ 'ഞാൻ' അല്ല എന്നു തെളിയുന്നു; ഇതെല്ലാവക്കും ബോദ്ധ്യവുമാണ്. പിന്നെ, ഞാനാർ? "ഇതി പരഭാവയ" എന്നു ഗീതത്തിൽ പറഞ്ഞിട്ടുള്ളതു 'ഞാൻ' ആരെന്ന അന്വേഷണത്തെത്തന്നെയാണ്.

"ബോദ്ധാര മാത്മാന മജാനതോ യോ
ബോധസ്സ കിം സ്യാദ് പരമാത്ഥബോധഃ"
(സദ്ദർശനഭാഷ്യം)

"അറിയുന്ന ആത്മാവിനെ അറിയാതെയുള്ള അറിവു പരമാത്ഥത്തിൽ അറിവാണോ?" അറിവെല്ലാം ബോധാത്മകമാണ് — 'എന്നിൽ' ഉദിക്കുന്ന ബോധം. അതായതു്, ഏതു്ബോധവും അതിന്നാസ്പദമായ 'ഞാൻ' എന്ന ഭാവത്തിലാണ് ആവിർഭവിക്കുന്നതു്. 'ഞാൻ' എന്ന പദത്തിന്നാസ്പദമേതോ അതിനെ അറിയാതെ, മറററിവുകൾ എങ്ങിനെ ശരിയായ അറിവാകും?

"ഏതു്വ്യക്തിയിലും പ്രത്യഗ്‌രൂപേണ വത്തിക്കുന്ന ഒരു ചൈതന്യവിശേഷമുണ്ട്; അതു് ഏകവും അദ്വിതീയവുമാണ്. ഇതുതന്നെയാ

ണ് 'ഞാൻ' എന്ന ഭാവത്തിന്നധിഷ്ഠാനമായ സാക്ഷീഭാവം. അതുതന്നെയാണ് സർവ്വഭൂതാന്തരാത്മാവായ ബ്രഹ്മം'' എന്നു ശ്രുതികൾ ഘോഷിക്കുന്നു. ശ്രുതികൾ പ്രമാണമാണ്; അവയെ ചോദ്യം ചെയ്തുകൂടാ. ആകയാൽ, ഞാൻ, നീ, എന്റെ അച്ഛൻ, എന്റെയമ്മ ഇവയെല്ലാം ആ ഒരേ ഒരു ചൈതന്യത്തിന്റെ വിവിധോപാധികളിലൂടെയുള്ള സ്ഫുരണം മാത്രമാണ്. വേറെ വേറെയായി കാണപ്പെടുന്നതു ദേഹങ്ങൾമാത്രമാണ്. ശരീരങ്ങളെ മറക്കാമെങ്കിൽ, അവയിൽ വിളങ്ങുന്ന ചൈതന്യം ഏകമാണ്.

ഈ തത്വത്തെ വേണ്ടുംവിധം മനസ്സിലാക്കി, അന്തഃകരണത്തിലുറപ്പിച്ച് ''ബോധാത്മകമായ ഈ വിശ്വത്തെ, സ്വപ്നകല്പിതമായ ജഗത്തെന്നപോലെ നിശ്ശേഷം ത്യജിക്കുക.'' സാക്ഷിചൈതന്യമായ പരമാത്മാവിൽ (ബ്രഹ്മസ്വരൂപത്തിൽ) നാമരൂപാത്മകമായ ഈ ബ്രഹ്മാണ്ഡം മുഴുവനും, മുത്തുച്ചിപ്പിയിൽ വെള്ളിയെന്നപോലെ, ഭ്രാന്തികല്പിതമാണെന്നറിയുക. ആരോപിതമായ ഭാവത്തിന്നു് അതിന്റെ അധിഷ്ഠാനമായ മൂലവസ്തുവിൽനിന്നു വേറിട്ടൊരു നിലനില്പില്ല. അന്തഃകരണത്തിന്റെ ഭ്രാന്തി — അവിദ്യ — നീങ്ങിയാൽ, ആരോപിതഭാവങ്ങളും ലയിക്കും. ഇതാണ് പരമാർത്ഥം.

''ബ്രഹ്മപ്രത്യയ സന്തതിർജ്ജഗദതോ
ബ്രഹ്മൈവതത്സർവ്വതഃ
പശ്യാദ്ധ്യാത്മദൃശാ പ്രശാന്തമനസാ
സർവ്വാസ്വവസ്ഥാസ്വപി'' ||

(വിവേകചൂഡാമണി)

ജഗത്ത്. ബ്രഹ്മചൈതന്യസ്ഫുരണത്തിന്റെ ഇടതടവില്ലാത്ത ഒരു ബോധപ്രവാഹം മാത്രമാണ്; ആകയാൽ അതു് എങ്ങിനെ നോക്കിയാലും ബ്രഹ്മസ്വരൂപംതന്നെ. (ഈ പരമാർത്ഥത്തെ) അധ്യാത്മനിഷ്ഠയാൽ പ്രശാന്തമായ മനസ്സോടെ, എല്ലാ അവസ്ഥകളിലും കാണുക.''

''സർവ്വം ഖല്വിദം ബ്രഹ്മ'' — ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന ഈ ജഗദ്സ്വരൂപം മുഴുവനും ബ്രഹ്മംതന്നെ — എന്ന വസ്തുതയെ സ്വാനുഭവരൂപേണ സാക്ഷാത്കരിച്ച്, സംസാരബന്ധത്തിൽനിന്നും മുക്തരാവുകയാണ് ഏവരുടേയും പരമമായ ജീവിതലക്ഷ്യം. ആകയാൽ സ്വപൌരുഷത്തെ ഉപയോഗിച്ച്, ഈ ജന്മത്തിൽത്തന്നെ മേൽപ്പറഞ്ഞ ലക്ഷ്യത്തെ പ്രാപിക്കുവാൻ ശ്രമിക്കുക.

(24)

മൂലം:—ത്വയി മയി ചാന്യത്രൈകോ വിഷ്ണുഃ
വ്യർത്ഥം കുപ്യസി മയ്യസഹിഷ്ണുഃ
ഭവ സമചിത്തഃ സർവ്വത്ര ത്വം
വാഞ്ഛസ്യചിരാദ് യദി വിഷ്ണുത്വം ॥

(സുരേന്ദ്രവിരചിതം)

ഭാഷ: —ദൈവതമൊന്നു നമ്മളിലെല്ലാം
വ്യർത്ഥം നിന്നുടെ വ്യാമോഹങ്ങൾ
"വിഷ്ണുത്വം നീ വാഞ്ഛിച്ചീടുകിൽ
സേവിച്ചീടുക സമചിത്തതയെ."

പൂർവ്വഗീതത്തിൽ പ്രതിപാദിക്കപ്പെട്ട അന്വേഷണം —'ഞാൻ ആർ'? എന്ന മാർഗ്ഗണം—നമ്മെ എത്തിക്കുന്ന ലക്ഷ്യത്തെ പ്രാജ്ഞനായ വിദ്വാൻ സ്വാനുഭവസമ്പന്നതയോടെ വെളിപ്പെടുത്തുകയാണ്: "(ശിഷ്യനായ) നിന്നിലും, എന്നിലും, മറ്റെല്ലാ വസ്തുക്കളിലും സത്താരൂപേണ ഒരേ ഒരു പരംപൊരുൾ (വിഷ്ണു) തന്നെയാണ് പ്രതിഭാസിക്കുന്നതു്. ശ്രുതികൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന ഈ തത്വം ശാസ്ത്രവിശാരദന്മാരായ പണ്ഡിതർ വാങ്മാത്രരൂപേണ ഉച്ചരിക്കുവാനുള്ള ഒരു 'മന്ത്ര'മല്ല. ഏതു മനുഷ്യജീവനും സ്വാത്മഭാവേന അനുഭവവേദ്യമായ അദ്വിതീയ ബ്രഹ്മചൈതന്യമാണിതു്. പക്ഷേ, ഇതിനെ അറിയൽ അത്ര എളുപ്പമായ കാര്യമല്ല.

"വൈരാഗ്യബോധൌ പുരുഷസ്യ പക്ഷിവദ്
പക്ഷൌ വിജാനീഹി വിചക്ഷണ ത്വം ।
വിമുക്തി സൌധാഗ്ര തലാധിരോഹണം
താഭ്യാം വിനാ നാന്യതരേണ സിദ്ധ്യതി" ॥

സാധനചതുഷ്ടയസമ്പന്നനാണ് മോക്ഷാധികാരി, എന്നു ശാസ്ത്രങ്ങൾ പറയുന്നു. ഈ നാലു യോഗ്യതകളിൽ ആദ്യത്തേതായ ശമദമാദിഷട്കസമ്പത്തി പ്രാഥമികമായി എല്ലാവർക്കും വേണ്ടതാണ്. നാലാമത്തേതായ മുമുക്ഷുത്വം (മോക്ഷം കിട്ടിയേ തീരൂ എന്ന അതിയായ ആ

ഗ്രഹം) ഇല്ലാത്തവർ ജ്ഞാനലബ്ധിക്കായി പ്രവർത്തിക്കുകയുമില്ല. പിന്നെ ബാക്കിയുള്ള രണ്ടു യോഗ്യതകളാണ് വിവേകവും വൈരാഗ്യവും. ഇവയാണ് മോക്ഷത്തിന്നു് അത്യന്താപേക്ഷിതങ്ങളായ രണ്ടു ഘടകങ്ങൾ. നിത്യവസ്തുവേത്, അനിത്യവസ്തുവേത് എന്നു വിവേചനം ചെയ്തറിയുവാനുള്ള കഴിവാണ് വിവേകം. അനിത്യങ്ങളായ ലോകസുഖങ്ങളിലും പാരത്രികമായ സ്വർഗ്ഗസുഖങ്ങളിലും ലേശംപോലും ആഗ്രഹമില്ലായ്മയാണ് വൈരാഗ്യം. ഭൌതികചിന്ത പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഇന്നത്തെ ലോകത്തിൽ എത്ര പേർക്കാണ് ഈ വൈരാഗ്യമുള്ളത്?

"വിവേകവും വൈരാഗ്യവും മനുഷ്യന്നു്, പക്ഷികൾക്കെന്നപോലെ, രണ്ടു ചിറകുകളാണെന്നറിയുക. മോക്ഷസൌധത്തിൻെറ അഗ്രഭാഗത്തെ പ്രാപിക്കണമെങ്കിൽ, ഈ രണ്ടു ചിറകുകളുടെ സഹായത്തോടെ പറന്നെത്തിയേ പററൂ", എന്നാണ് ശ്ലോകാർത്ഥം.

ഗുരു ശിഷ്യന്നു പരമാർത്ഥികസത്ത ഏകവും അദ്വിതീയവും സർവ്വവ്യാപിയുമാണെന്നുപദേശിച്ചു. ഈ ഒരേ ഒരു തത്വത്തെയാണ് പിന്നേയും പിന്നേയും ആവർത്തിക്കുന്നതും. ഈ ഒരേ തത്വം പല തവണയും കേട്ടുകഴിയുമ്പോൾ, ശിഷ്യന്നു് ഒരക്ഷമത. അപ്പോൾ ഗുരു പറയുകയാണ്: "അസഹിഷ്ണുത കാരണം നീ നൈരാശ്യപ്പെട്ടിട്ടു ഫലമില്ല. വേദാന്തശാസ്ത്രപാഠംകൊണ്ടോ, തത്വശ്രവണംകൊണ്ടോമാത്രം ആരും മോക്ഷമടയുകയില്ല. വൈരാഗ്യത്തെ അഭയം പ്രാപിച്ച്, ദൃശ്യവസ്തുക്കളിൽ ഭേദഭാവനയെ വെടിഞ്ഞു്, അന്തഃകരണത്തെ സമഭാവനയിലേയ്ക്കു നയിക്കുക. സമത്വംതന്നെയാണ് ജീവബ്രഹ്മൈക്യബോധം (സമത്വം യോഗ ഉച്യതേ—ഗീത.) ആകയാൽ, ആത്മസാക്ഷാത്കാരം വേണമെങ്കിൽ, സമചിത്തതയെ കൈവരുത്തുക; താമസിയാതെ നീ ബ്രഹ്മപദത്തെ അടയും."

# ഉത്തരഖണ്ഡപര്യടനം — 15

## സ്വാമി ദയാനന്ദതീർത്ഥ

[തുടർച്ച]

നല്ല കുത്തനെയുള്ള കയററം. ഇടതടവില്ലാതെ പല്ലുകളേക്കൊണ്ടു് താളം പിടിപ്പിക്കുന്ന തണുപ്പ്. നാലുപാടുമുള്ള വിസ്മയാവഹമായ പ്രകൃതി വിലാസം നോക്കിയും, ~~ഇടതടവില്ലാതെ~~ കാലുകൾ പെറുക്കിപ്പെറുക്കിവച്ചും മുന്നോട്ടുകയറുകയാണു് ഞങ്ങൾ. ക്ഷീണിച്ചും തളർന്നും ഞങ്ങളുടെ പിന്നിലും മുന്നിലും ഇടവിട്ടിടവിട്ടു് ആ ഒററ അടിപ്പാതയിലൂടേ ഓരോരുത്തർ വലിഞ്ഞുവലിഞ്ഞ് കയററം കയറുന്നു. ഞങ്ങളുടെ കുറേയേറെ മുന്നിലായി അതാ ഒരു മനുഷ്യരൂപം മെല്ലെമെല്ലെ നടന്നു നീങ്ങുന്നു. നടന്നു നീങ്ങുന്നു എന്നു പറഞ്ഞാൽ വാസ്തവമാകുമോ എന്തോ. ഇഴഞ്ഞു നീങ്ങുന്നു എന്നു പറഞ്ഞാൽ പോലും അയാളുടെ ഗതിവേഗതയോടുപമിക്കുമ്പോൾ അതിശയോക്തിപരമാവാനാണെളുപ്പം. ക്രമേണ ഞങ്ങൾ അയാളോടൊപ്പമെത്തി. ഒരു ദയനീയമായ ചിത്രമാണാമനുഷ്യൻ. കാഴ്ചയിൽ ഒരുഎൺപതു വയസ്സു തോന്നിക്കും. തോലിൽ പൊതിഞ്ഞ ഒരസ്ഥിപഞ്ജരം. കീറിപ്പറിഞ്ഞ ചില വസ്ത്രങ്ങളെല്ലാം ധരിച്ചിട്ടുണ്ടു്. ഒരു തോളിന്മേൽ സാമാന്യം വലിപ്പമുള്ള ഒരു ഭാണ്ഡം. പഴന്തുണിയിൽ ഭദ്രമായി പൊതിഞ്ഞുകെട്ടിയ അതിനുള്ളിൽ എന്താണാവോ? ഒരു കൈകൊണ്ടു് അതു് തോളിൽനിന്നൂർന്നുപോകാതെ ചേർത്തു് പിടിച്ചിരിക്കയാണു്. താഴ്ത്തിയിട്ടിരിക്കുന്ന ഇടത്തുകൈയിൽ ഒരു പഴയ പാത്രം തൂക്കിപ്പിടിച്ചിട്ടുണ്ടു്. അതിലുമുണ്ടു് എന്തോ ഘനമുള്ള വസ്തുക്കൾ എന്നു തോന്നുന്നു. ഇതിനെല്ലാം പുറമേ തലയിൽ ഒരു കെട്ടു വിറകും. ആ വൃദ്ധന്റെ നിലക്കു് ഭാരിച്ച ഒരു ചുമടുതന്നെയാണതു്. രണ്ടു കൈയും ഒഴിവില്ലാത്തതിനാൽ ഈ വിറകുകെട്ടു് അയാളെ അത്യധികം ബുദ്ധിമുട്ടിക്കുന്നുണ്ടു്. ആരോ തലയിലേററിക്കൊടുത്തതായിരിക്കണം ഈ വിറകുകെട്ടു്. തമിഴ് നാട്ടിലേ "കരക" വിദഗ്ധരേപ്പോലെ പിടലിവെട്ടിച്ചും, തലചരിച്ചും, ഇടക്കിടെ വാട്ടം തെററിയാൽ, തൂക്കിയിട്ടിരിക്കുന്ന ഇടതുകൈ പാത്രവുംകൊണ്ടുയർന്നു് അല്പനേരത്തേക്കു് ആ വാട്ടം ശരിപ്പെടുത്തിയും, എങ്ങിനെയെ

ല്ലാമോ ആ കെട്ട് താഴെ വീഴാതെ അയാഠം സൂക്ഷിക്കുന്നുണ്ട്. ചില പ്പോഠം ശരീരവും കാലുകളും പാളിപ്പോകുന്നതു കണ്ടാൽ, ഇപ്പോഠം താഴെ വീഴും ആ മനുഷ്യക്കോലം എന്നു തോന്നും. ഞങ്ങഠം അടുത്തുചെന്നു നോക്കി. ഒരു കങ്കാളം പോലെ വികൃതമാണാരൂപം. ശക്തിയററ ശരീരം, തേജസ്സററ കണ്ണുകഠം, മജ്ജയും മാംസവുമില്ലായ്കയാൽ ചുക്കിചുളിഞ്ഞ തൊലി, ഇങ്ങിനെയുള്ള ഒരു വൃദ്ധനാണിത്ര ബുദ്ധിമുട്ടി ചുമട്ടം ചുമന്നുകൊണ്ട് പവ്വാളി ചുരം കയറുന്നതു്. ശരീരത്തിൽ ചുടുരക്തം ചരിക്കുന്ന ചെറുപ്പക്കാർപോലും കയറാൻ മടിക്കുന്ന ഈ കയററം ഇങ്ങിനെ കയറിക്കടക്കുന്ന ഈ വൃദ്ധൻ ഞങ്ങളെ അത്യധികം അത്ഭുതപ്പെടുത്തി. എങ്ങോട്ടാണിയാഠം പോകുന്നതു്? എന്തെല്ലാമാണീ ഭാണ്ഡങ്ങഠംക്കുള്ളിൽ ഒരുപക്ഷെ ഈ ചുമട്ടുകഠം ഇല്ലെങ്കിൽ അയാഠംക്ക് ഈ മല ഇത്ര വിഷമിക്കാതെ കയറിക്കടക്കാമായിരിക്കാം. എന്നാൽ തൻെറ സാധനങ്ങളെ കൈവെടിയുന്നതിലുള്ള അസമത്ഥത; അതാണാവൃദ്ധനേ ഇത്രമാത്രം വിഷമിപ്പിക്കുന്നതു്.

"അംഗം ഗലിതം പലിതം മുണ്ഡം,
ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോയാതിഗൃഹീത്വാ ദണ്ഡം
തദപി ന മുഞ്ചത്യാശാ പിണ്ഡം"

എന്ന ആചാര്യകൃതമായ സ്തോത്രപാഠം എത്രയോ പരമാത്ഥം. എല്ലാം കഴിഞ്ഞു, അഥവാ കഴിയാറായി. മരണമിങ്ങടുത്തെത്തിക്കഴിഞ്ഞു. പൊയ്പോയ യൗവ്വനവും, തടിമിടുക്കും, തൻേറടവും, ഇങ്ങിനി വരാതവണ്ണം മറഞ്ഞുകഴിഞ്ഞു. ശരീരം ചുക്കിച്ചുളിഞ്ഞു, രോമങ്ങളെല്ലാം നരച്ചു, പല്ലും കൊഴിഞ്ഞു, പല്ലെല്ലാം പോയി. എത്രയോ വയസ്സിൻെറ വൻഭാരം സഹിച്ച് മുതുകുകുനി, ഓജസ്സും തേജസ്സുംഅററ് വടിയുംകുത്തി, പ്രാഞ്ചിപ്പതറി നടക്കുന്ന വൃദ്ധനും ഒന്നുമാത്രം വിടുന്നില്ല; ആശാപാശം". അയാഠം, തൻേറതു് എന്നു കരുതി അഹംകരിച്ചിരുന്ന പലതും ഇന്നയാളെ വിട്ടകന്നു കഴിഞ്ഞു: പൊയ്പോയ യൗവ്വനവും വീര്യവും തിരിച്ചുവരുവാൻവേണ്ടി പണി പലതും പയററി നോക്കി. പക്ഷെ കാലത്തിനുണ്ടോ കനിവു്? നിർദാക്ഷിണ്യം ലോകത്തെ മഥിച്ചുകൊണ്ട് നിരന്തരം മുന്നോട്ടുകയാണ്, അപ്രതിരോദ്ധ്യമായ പ്രപഞ്ചചക്രം. അതിനെ എത്തിപ്പിടിച്ച് സ്വായത്തമാക്കുവാൻ അനവരതം ശ്ര

മിക്കയാണ് മൂഢൻ. ആശാപാശത്തിൽപ്പെട്ടു വലയുന്ന ഈ മൂഢൻെറ അതിസാഹസങ്ങാം കണ്ടു് പുഞ്ചിരിക്കയാണ് തൊട്ടടുത്തു നിൽക്കുന്ന മരണം. മററെല്ലാം കാണാനുള്ള കണ്ണു് തനിക്കുണ്ടെന്നു് മനുഷ്യൻ അഹങ്കരിക്കുന്നു. പക്ഷേ തനിക്കും മരണമുണ്ടെന്നു് കാണുവാൻ നിശ്ശേഷം വിസമ്മതിക്കയാണവൻ. അജ്ഞാനം വരുത്തിവയ്ക്കുന്ന അസംപ്രജ്ഞതയുടെ കഴിവു് അത്യത്ഭുതംതന്നെ!

നിങ്ങാം ഒന്നു നോക്കിയാൽമതി, ഞങ്ങളുടെ തൊട്ടടുത്തായി ഏങ്ങിവലിഞ്ഞു് മുന്നോട്ടിഴഞ്ഞു നീങ്ങുന്ന ഈ മനുഷ്യക്കോലത്തിനെ. അയാളുടേതെന്നു കരുതുന്ന വസ്തുവകകാം തന്നെയാണ് തോളിലും കയ്യിലും തലയിലും ഇരുന്നുകൊണ്ടയാളേ കീഴോട്ടമർത്തുന്നതു്. അതെല്ലാം വലിച്ചു ദൂരെക്കളഞ്ഞാൽ അയാളുടെ മുന്നോട്ടുള്ള യാത്ര കൂടുതൽ ലഘുതരമാകും. ഒരു പക്ഷേ ആ വാദ്ധക്യദശയിൽപോലും ''പവാളി'' കയറിക്കടക്കാൻ അയാാം ശക്തനാകാം. എന്നാൽ തൻെറ തടിയോടൊപ്പം താഴെ വീഴാനല്ലാതെ, അതിനേയെല്ലാം സ്വമനസ്സാലേ പരിത്യജിക്കാൻ ആ വൃദ്ധൻ അശക്തനാണ്. ഞാൻ, എൻേറതു് എന്നെല്ലാമുള്ള അഹങ്കാരവലയത്താൽ അത്രമാത്രം ബന്ധനാണയാാം. ഇതുതന്നെയാണ് ലോകത്തിൽ മനുഷ്യൻെറ പൊതുവേയുള്ള സ്ഥിതിയും. എടുത്താൽ പൊങ്ങാത്ത വാസനകളും, അവ മനസ്സിലൂടേ പ്രകടീഭവിച്ചുണ്ടാകുന്ന ആശാശതങ്ങളും, മനുഷ്യനെ ഈ പ്രപഞ്ചചക്രത്തോടു് ചേർത്തു ബന്ധിച്ചിരിക്കയാണ്. അതിൻെറ ക്രൂരവേഗതയിൽപ്പെട്ടു നട്ടം തിരിയുന്നവനെങ്കിലും, ആ വാസനകളേയോ ആശകളേയോ ത്യജിക്കാൻ അശക്തനാണവൻ. ഈ പരമാർത്ഥത്തേ വിവേകബുദ്ധ്യാ വിവേചനം ചെയ്തു് മനസ്സിലാക്കി, തന്നെ ബന്ധിച്ചിരിക്കുന്ന ആശാപാശത്തെ തീവ്രമായ വൈരാഗ്യഖഡ്ഗത്താൽ മുറിച്ചുകളയുന്നവനാണ് വിദ്വാൻ. അവൻ തന്നെ മുക്തൻ. അവനു പിന്നെ ബന്ധവുമില്ല ബന്ധനവുമില്ല. പക്ഷേ എത്ര പേർക്കിതു സാദ്ധ്യമാകും!

ആ വൃദ്ധൻെറ സമീപം ചെന്നു്, ഭാരം ചുമക്കാൻ ഞങ്ങാംകൂടി സഹായിക്കാം, എന്നു പറഞ്ഞപ്പോാം അയാാംക്കതിൽ വലിയ സമ്മതം കണ്ടില്ല. ഞങ്ങളുടെ സഹായം അയാാംക്കാവശ്യമില്ല എന്നു് ഒരു തരത്തിൽ പറഞ്ഞൊപ്പിച്ചു. ഈ സൗഹൃദഭാവം അയാളിൽ അല്പം നീരസമാണുൽപ്പാദിപ്പിച്ചതു് എന്നു പോലും തോന്നുന്നു. അവനവൻെറ

പ്രാരബ്ധം അവനവൻ തന്നെയാണല്ലോ ചുമക്കേണ്ടതു് എന്നു് സമാധാനപ്പെട്ടുകൊണ്ടു ഞങ്ങൾ മുന്നോട്ടു നടന്നു. ആ വൃദ്ധൻ പവാളി കയറിക്കടന്നുകാണുമോ എന്തോ. ചുററുപാടുകൾ അനുകൂലമായ ഒരു മറുപടിയല്ല തരുന്നതു്. പക്ഷേ "മൂകം കരോതിവാചാലം, പംഗും ലംഘയതേഗിരിം" മൂകനെ വാചാലനാക്കാനും മുടന്തനെ പർവ്വതലംഘനശക്തനാക്കാനും കഴിവുള്ള ആ പരംപൊരുളിൻെറ വൈഭവത്തെ ഭാവനയിലൂടേ കാണാൻ നാം എന്തിനു ശ്രമിക്കണം!

ഒരു ശിഖരത്തിൽ നിന്നു് മറെറാരു ശിഖരത്തിലേക്കു്, പിന്നെ വേറൊന്നിലേക്കു്, എന്നിങ്ങിനെ വളഞ്ഞും ചരിഞ്ഞും ക്രമേണ ഉയർന്നുയർന്നു പോകയാണു് നാം. പരിസരവശ്യതയും, അലോകസാധാരണമായ ഗാംഭീര്യവും, എല്ലാംകൂടി ഒരു സ്വർഗ്ഗപ്രയാണ പ്രതീതിയാണു് നമ്മിൽ ഉളവാക്കുന്നതു്. അങ്ങിനെ ഒരു മൂന്നു നാലു മൈൽകൂടി മുന്നോട്ടു പോയപ്പോൾ, കയററം അവസാനിച്ചു. ഉന്നതനായ ഒരു പർവ്വതരാജൻെറ മസ്തകഭ്രുവിലാണിപ്പോൾ നാം നിലകൊള്ളുന്നതു്. അവിടെനിന്നും കുറേ ദൂരം ആ പർവ്വതമസ്തകത്തിലൂടെ തന്നെയാണു് യാത്ര ചെയ്യേണ്ടതു്. ഏതാണ്ടു് പതിന്നാലായിരം അടിഉയരംവരും ഈ പ്രദേശത്തിനു്. പന്തീരായിരം അടി എത്തുംവരെ, ഉയരം കുറിക്കുന്ന പലകകൾ അവിടവിടെ സ്ഥാപിച്ചിട്ടുണ്ടു്. പിന്നീടങ്ങോട്ടു് ഇങ്ങിനെയുള്ളതൊന്നും ഇല്ലാത്തതിനാൽ ഉയരത്തേപ്പററി ഇതൊരൂഹം മാത്രമാണു്. ഒരു പക്ഷേ ഉയരം ഇതിൽ കൂടുതലാകാം, കുറവാകാൻ തരമില്ലെന്നാണു് മലകൾ കയറിക്കടന്നുണ്ടായ പരിചയസമ്പത്തു് പറയുന്നതു്.

ഈ പ്രദേശത്തുനിന്നും നോക്കിയാൽ നാലുപാടും കാണുന്ന കാഴ്ചകൾ അത്യത്ഭുതമെന്നേ പറയേണ്ടു. ഈ വിശ്വത്തിൻെറ ഈശ്വരീയത ഇതിലേറെ പ്രകടീഭവിക്കുന്ന മറെറാരിടം ഉണ്ടോ എന്തോ! അത്ര ഉന്നതമായ ആ പ്രദേശത്തുനിന്നുകൊണ്ടു ഒരു വിഹഗവീക്ഷണം നടത്തുന്ന നമ്മൾക്കു്, പ്രപഞ്ചസൃഷ്ടിയിലെ വിലാസവൈചിത്ര്യങ്ങൾ എത്രമാത്രം വിപുലമെന്നു് മനസ്സിലാക്കാം. വാക്കുകളും മനസ്സും ആ ദൃശ്യങ്ങളുടെ മുമ്പിൽ പതുങ്ങി നില്ക്കുയാണു്. വടക്കോട്ടുനോക്കിയാൽ കാണുന്ന കാഴ്ച! നിരനിരയായി നെടുനീളെ തലയുയർത്തിനില്ക്കുയാണു് അത്യുന്നതന്മാരായ കൊടുമുടികൾ. അംബരവിദാരികളായ ആ ശിഖരകൂടങ്ങളുടെ ഉയരവുമായി താരതമ്യപ്പെടുത്തുമ്പോൾ പതിന്നാലായിരം

അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നാം ഒരധോലോകത്തിൽ മാത്രമാണ് നില്ക്കുന്നത്. ആപാദമസ്തകം ഹിമാവൃതമായി, ധവളധവളമായി ശോഭിക്കുന്ന ആ പർവ്വതനിര, പ്രഭാതസൂര്യന്റെ പൊൻകതിരുകളേററ് വെട്ടിവെട്ടിത്തിളങ്ങുകയാണ്. അനന്തമായ വിശ്വക്ഷേത്രത്തിൽ, അതിന്റെ വിധാതാവിന്റെ മാഹാത്മ്യത്തെക്കുറിക്കുന്ന ആഘോഷപൂർവ്വമായ ഉത്സവം നടക്കയാണ്. ശതക്കണക്കിന് അത്യുന്നതന്മാരായ ഐരാവതനികരത്തെ പൊൻകോപ്പുകളുമണിയിച്ച് വരിവരിയായി നിരത്തി നിർത്തിയിരിക്കുന്നു. വാചാമഗോചരമായ ആനന്ദവും ആത്മശാന്തിയും നൽകുന്ന, ആ ദൃശ്യഭംഗിയെ വർണ്ണിക്കാൻ, ഭാവനകൾ അസമർത്ഥങ്ങളാണ്; വാക്കുകൾ അപര്യാപ്തങ്ങളാണ്. ആ മിന്നിത്തിളങ്ങുന്ന ഭീമാകാരങ്ങളായ പ്രഭാപിണ്ഡങ്ങളുടെ മുൻപിൽ, നാം നമ്മെത്തന്നെ മറക്കുന്നു. മനസ്സ് പരമാനന്ദത്തിൽ ലയിക്കുന്നു. എന്തൊരനുഭവമാണത്? ഇതുവരെ അനുഭവിച്ച യാത്രാക്ലേശങ്ങളോ, ഇനിയും വരാനിരിക്കുന്ന ബുദ്ധിമുട്ടുകളോ, എല്ലാം തന്നേയും, ഒരു നിമിഷനേരംമാത്രം നിലനില്ക്കുന്ന ഇത്തരമൊരു ദൃശ്യലബ്ധിക്കുവേണ്ടി എത്രപ്രാവശ്യം വേണമെങ്കിലും സഹിക്കാൻ ആരാണ് തയ്യാറാകാത്തത്? സർവ്വപ്രപഞ്ചവും ഭഗവത് സ്വരൂപമെന്നും, പ്രപഞ്ചപ്രകടനം ഭഗവത്പ്രകടനം തന്നെയാണെന്നും, നമുക്ക് നേരിട്ടു മനസ്സിലാക്കാൻ ഇതിലേറെ പററിയ ഒരു സന്ദർഭം ഉണ്ടാകാൻ വിഷമമാണ്. വെറുതെയല്ല പുരാതനകാലംമുതൽ ഈശ്വരീയമായ പന്ഥാവിൽ ചരിച്ചിരുന്നവരെല്ലാംതന്നെ തങ്ങളുടെ സാധനക്കായി ഹിമവാനെ ശരണം പ്രാപിച്ചത്. താൻ തന്നെ ഭഗവത്ഭാവത്തിൽ പ്രകടീഭവിച്ചുനിൽക്കെ, ഒരു യഥാർത്ഥമുമുക്ഷുവിന് ജീവന്മുക്തിനേടാൻ ഇതിലുപരി ഹിതകാരിയായി മററാരാണുണ്ടാകുക?

അതാ! തിരിഞ്ഞു തെക്കോട്ടൊന്നു നോക്കൂ. നാം നില്ക്കുന്നതിനേക്കാൾ താണപ്രദേശമാണത്. അങ്ങു താഴെനിന്നു നോക്കുമ്പോൾ അത്യുന്നതന്മാരായി തോന്നിയിരുന്ന പർവ്വതങ്ങൾ ഇപ്പോൾ ഞങ്ങളുടെ ദൃഷ്ടിക്കു മുൻപിൽ നിസ്സാരന്മാരാണ്. ഇതുതന്നെയാണ് ലോകഗതി എന്നും. വലിപ്പച്ചെറുപ്പങ്ങളോ, അവസ്ഥാഭേദങ്ങളോ, എല്ലാംതന്നെ മറെറാന്നിനോടു താരതമ്യപ്പെടുത്തുമ്പോൾ മാത്രം ഉദിക്കുന്ന ഭാവങ്ങളാണ്. ചെറുതില്ലെങ്കിൽ വലുതുമില്ല. വലിപ്പം, ചെറുപ്പം, എന്നു തോ

ന്നുന്നതെല്ലാം മനോവൃത്തിയിൽ മാത്രം, മനസ്സു താരതമ്യവിവേചനം ചെയ്യുമ്പോൾമാത്രം. പരമാത്മസത്തയുടെ പ്രതിഭാസം മാത്രമാണിതെല്ലാമെന്നറിയാതെ സ്ഥിതിഭേദത്തെ ആധാരമാക്കി അഹങ്കാരം കുറുന്ന മനുഷ്യനേക്കാൾ ദയനീയനായ ജീവി മററാരാണു്.

അങ്ങോളമിങ്ങോളം പച്ചപ്പരവതാനി വിരിച്ചപോലെ നീണ്ടുനിവന്നു കിടക്കയാണാ ഭൂവിഭാഗം മുഴുവൻ; പ്രകൃതി മാതാവിൻെറ ഉറക്കറയിലെ ചുളിവീണ പച്ചപ്പുതപ്പുപോലെ. ഉന്നതന്മാരായ ചീഡ്, ദേവദാരു എന്നു തുടങ്ങിയ തരുവരന്മാർ അടുത്തുള്ള മലകളുടെ അടിവാരങ്ങളിൽ തലയുമാട്ടി നില്ക്കുകയാണു്. ദേവദാരുക്കൾമാത്രം അത്യന്തം വിരളമായി ഇത്രയും ഉന്നതന്മാരായ പവ്വതങ്ങളുടെ മുകളിലും കണ്ടു എന്നുവരാം. ഈ അഭൌമസൌന്ദയ്യധോരണിയിൽ ലയിച്ചു് അവസാനം വരേയും കഴിഞ്ഞുകൂടാൻ ഭാഗ്യം ലഭിച്ച ആ തരുനികരങ്ങളോടു് അസൂയ തോന്നാതിരിക്കാൻ വിഷമമാണു്. ഇത്രമാത്രം അത്യാകഷ്കമായ, അന്തനാനന്ദകരമായ, അചിന്ത്യപ്രഭാപൂണ്ണമായ, നിതാന്തഗംഭീരമായ, മഹിമരഹസ്സാന്ന ആ പരിസരങ്ങൾ; ബ്രഹ്മകല്പിതമായ, ആ ചിത്രപടം! ഞങ്ങൾ ഏതാണ്ടൊരു ഭാവസമാധിയിലാണ്ടവരെന്നപോലെ വിക്ഷേപവിഹീനരായി എത്രനേരം നിന്നുപോയി എന്നറിഞ്ഞുകൂടാ.

എല്ലു തുളക്കുംവണ്ണമുള്ള തണുത്ത കാററു് ചീറിയടിക്കയാണു്. തണുവു ശരീരത്തിൽ സൂചി തുളക്കുംവണ്ണം ചുഴിഞ്ഞിറങ്ങുന്നു. ഈ ബാഹ്യാനുഭവം ശരീരവാന്മാരായ ഞങ്ങളെ ഭൌതികബോധത്തിലേക്കു ബലേന പിടിച്ചുകൊണ്ടുവന്നു. ഒരു തുകൽച്ചെരിപ്പുള്ളതൊഴിച്ചാൽ നഗ്നമായ പാദങ്ങൾ, ഏതാണ്ടു മരവിച്ചു കഴിഞ്ഞിരുന്നു. ഇനിയും അവിടെ നില്ക്കാൻവയ്യ. അതിനാൽ ചലിക്കുന്ന കായ്യത്തിൽ വിപ്രതിപത്തി കാട്ടാൻ ഭാവിച്ചു തുടങ്ങിയ പാദങ്ങളെ ബലേന ചലിപ്പിക്കാൻതുടങ്ങി. നിർവൃതികരമായ ആ പരിസരങ്ങളെ വിട്ടുപോകാൻ മടിയുള്ളവരെങ്കിലും, ആ പവ്വതമസ്തകത്തിലൂടെ ഞങ്ങൾ മുന്നോട്ടു നടന്നുതുടങ്ങി.

ഇനിയും ഇവിടെനിന്നു ഇറക്കമാണു്. ഉൽക്കഷമുണ്ടെങ്കിൽ അപകഷവുമുണ്ടു്. അതു ലോകഗതിയാണു്. മഞ്ഞുറഞ്ഞു കട്ടപിടിച്ചു കിടക്കുന്ന മലയിടുക്കുകൾ, വളരെ ദൂരത്തോളം മഞ്ഞിനാൽ മൂടിമറഞ്ഞ ഒററയടിപ്പാതകൾ, മുകളിൽ കട്ടിപിടിച്ചുകിടക്കുന്ന ഹിമസംഘാതത്തിലൂടെ മുകര താണ്ടേണ്ടതായ ഉഗ്രന്മാരായ അരുവികൾ, എന്നി

ങ്ങിനെ അത്യന്തം ദുർഘടമാണ് മാർഗ്ഗം. കാലുവെച്ചാൽ ഉറയ്ക്കാത്ത മഞ്ഞിൻമുകളിലൂടെ, അത്യുന്നതമായി കിഴക്കാംതൂക്കായ ഈ മലഞ്ചെരുവുകളിലെ വീതി കുറഞ്ഞ ഒററയടിപ്പാതകളിൽക്കൂടി യാത്ര ചെയ്യുക അത്യന്തം വിഷമമാണ്. കാൽ ഒന്നു തെററിയാൽമതി— പിന്നെ അവസാനം എവിടെയോ. ഭീകരങ്ങളായി വായും പിളർന്ന് അങ്ങു താഴെ സ്ഥിതിചെയ്യുന്ന അത്യഗാധങ്ങളായ തടപ്രദേശങ്ങൾ ആക്കം ഉൾക്കിടിലം കൊള്ളിക്കുന്നവയാണ്. പക്ഷേ ഈശ്വരകൃപകൊണ്ടു വലിയ ക്ലേശങ്ങളൊന്നും കൂടാതെതന്നെ ഞങ്ങൾ "പവാളി" ഇറങ്ങിക്കടന്നു. ഇവിടെനിന്നും ഇനിയും ഒരഞ്ചുമൈൽകൂടി മുന്നോട്ടു പോയാൽ നാം 'ത്രിയുഗീനാരായണ'ത്തിൽ എത്തിച്ചേരും. പവാളി ഇറങ്ങിയ ഞങ്ങൾ അല്പം തിരക്കിട്ടു നടന്നതിനാൽ ഉച്ചതിരിഞ്ഞു് ഏതാണ്ടു മൂന്നുമണിയോടുകൂടി ആ പുണ്യഭൂമിയെ പ്രാപിച്ചു.

പുരാതനവും, പരമപവിത്രവുമായ ഒരു പുണ്യക്ഷേത്രമാണ് ത്രിയുഗീനാരായണം. കുറെയെല്ലാം വെടിപ്പും വൃത്തിയുമുള്ള ഒരു ഗ്രാമം. ചുററുപാടും വയലുകളും, അവയെ പാദസ്പർശത്താൽ അനുഗ്രഹിച്ചുകൊണ്ടു നില്ക്കുന്ന അംബരചുംബികളായ പർവ്വതപാളികളും. അതിപ്രസിദ്ധന്മാരായ പല തപോധനന്മാരും ഇവിടെയിരുന്നു തപസ്സുചെയ്തു പരമപദം പ്രാപിച്ചതായി പറഞ്ഞുവരുന്നു. അത്യധികം പുരാതനമാണത്രേ ഈ ഗ്രാമം. ഗ്രാമമദ്ധ്യത്തിലായി ഒരു ചെറിയ ക്ഷേത്രമുണ്ട്. 'ശ്രീനാരായണ'നാണ് ഇവിടുത്തെ പ്രതിഷ്ഠാമൂർത്തി. ശ്രീകോവിലിനും മണ്ഡപത്തറയ്ക്കും മുൻപിലായി, ആ മണ്ഡപത്തോളം മാത്രം വലിപ്പമുള്ള ഒരു ചെറിയ കുളം. കല്ലു പാകിയ തറയിൽനിന്നുകൊണ്ടുതന്നെ അല്പമൊന്നു കുനിഞ്ഞാൽ ആ കുളത്തിലെ സ്വച്ഛജലം കൈകൊണ്ടു കോരി എടുക്കാം. ഈ ജലം അത്യന്തം ഉത്തമമായ തീർത്ഥമായി ഭക്തജനങ്ങൾ കരുതിപ്പോരുന്നു. മണ്ഡപത്തറ, ഇരുന്നു ജപിക്കാനും മററുമുള്ള സൌകര്യങ്ങളോടുകൂടിയതല്ല. നിലത്തുനിന്നും ഏതാണ്ടു മൂന്നോ നാലോ വിരൽ ഉയരംമാത്രമേ ഈ തറയ്ക്കുണ്ടാകുകയുള്ളു. അതിൻെറ മദ്ധ്യഭാഗത്തു് ഒരു വലിയ അഗ്നികുണ്ഡമാണ്. വണ്ണമുള്ള വിറകിൻമുട്ടികൾ നീറിനീറി എരിഞ്ഞുകൊണ്ടിരിക്കയാണാ അഗ്നികുണ്ഡത്തിൽ. ആ ക്ഷേത്രത്തിലെ ഏററവും വലിയ വഴിപാട് വിറകുവാങ്ങി ഈ ആകുണ്ഡത്തിലേ അഗ്നി പോഷണത്തിനു സമർപ്പിക്കുന്നതാണ്. ശ്രീകോവിലിൻെറ വടക്കു ഭാഗത്തായി പത്മാകൃതിയിലുള്ള ഒരു വലിയ ശിലാവിസ്താരം കൊത്തിയിട്ടി

ട്ടുണ്ടു്. മനോഹരമായി പണിചെയ്തിട്ടിട്ടുള്ള ഈ ശിലാസനമാണു് ഈ ക്ഷേത്രത്തിലെ ഏററവും മാന്യസ്ഥാനം അഹിക്കുന്നതു്. ഇവിടെ വന്നു പുഷ്പം അച്ചിക്കാതെയോ, കാണിക്കയിടാതെയോ ആരുംതന്നെ തിരിച്ചു പോകാറില്ല.

പൌരാണികമായി അത്യധികം പ്രാമാണ്യമഹിക്കുന്ന ഒരു സ്ഥാനമാണു് 'ത്രിയുഗീനാരായണം.' ശ്രീപരമേശ്വരൻ പാർവ്വതീദേവിയെ പാണിപീഡനം ചെയ്തതു് ഇവിടെ വച്ചായിരുന്നുവത്രേ. മുൻപറഞ്ഞ പത്മാകൃതിയിലുള്ള ശിലാസനത്തിലിരുന്നുകൊണ്ടാണു് ഭഗവാൻ മഹാദേവിയെ തൻെറ വാമാങ്കമായലങ്കരിച്ചതു് എന്നാണു് സ്ഥലവാസികളുടേയും, പാണ്ഡകളുടേയും, അവിടെ വന്നുപോകുന്ന ഭക്തജനങ്ങളുടേയും ഉറച്ച വിശ്വാസം. വിവാഹസമയത്തു ജ്വലിപ്പിച്ച ഹോമാഗ്നി കുണ്ഡമാണു് ശ്രീകോവിലിൻെറ മുൻപിൽ ഇന്നും കെട്ടടങ്ങാതെ കിടക്കുന്നതു്. വരഭാവം സ്വീകരിച്ച പരമേശ്വരൻെറ പാദപ്രക്ഷാളനതീത്ഥമാണു് ആ ചെറിയ കുളത്തിലെ ജലം. ഇതിൻെറയെല്ലാം സത്യാവസ്ഥയെപ്പററി തലയിലറഞ്ഞു് ആണയിടാൻ തയ്യാറാണു് അവിടെ വന്നുപോകുന്ന ജനസാമാന്യമെല്ലാംതന്നെ. അതെങ്ങിനേയും ആയിക്കൊള്ളട്ടെ. ഒന്നു പരമാത്ഥമാണു്. ആ ക്ഷേത്രവും പരിസരങ്ങളും, അതിനോടു ചേത്തു പറഞ്ഞുപോരുന്ന സ്ഥലപുരാണവും എന്നിൽ അത്യധികം ഭാവനകളെ ഉണത്തിവിട്ടു. "അസ്ത്യുത്തരസ്യാംദിശി ദേവതാത്മാ" എന്നു തുടങ്ങുന്ന കാളിദാസപ്രണീതമായ കുമാരസംഭവകാവ്യം ഉടലെടുത്തെൻെറ മുൻപിൽ അണഞ്ഞു. ഹിമവാൻെറ മഹിമാതിശയം, പാർവ്വതിയുടെ ഉത്ഭവം, ശിവൻെറ വൈരാഗ്യാധിഷ്ഠിതമായ ഭാവം, കാമദഹനം, പാർവ്വതീദേവിയുടെ ഉൽക്കടമായ തപസ്സു്, സപ്തഷിഷികളുടെ ദൌത്യം, പാർവ്വതീ സ്വയംവരം, ഇങ്ങിനെ ഒന്നൊന്നായി വിവരിച്ചിട്ടുള്ള സംഭവഗതികഠം എൻെറ ചിന്താവീചികളിൽ പുളകം വാരി വിതറി. വിവാഹദീക്ഷാകലശം കഴിഞ്ഞു തൂവെള്ളപ്പൂഞ്ചായലുമണിഞ്ഞു് മന്ദാക്ഷമധുരമായ ഭാവത്തോടെ സ്വയംവരവേളയും കാത്തിരിക്കുന്ന ജഗന്മാതാവിൻെറ സ്നിഗ്ദ്ധമോഹനവും, മുഗ്ദ്ധമധുരവുമായ രൂപം ആ പ്രദേശമെല്ലാം പ്രഭാപൂരിതമാക്കുന്നതായെനിക്കു തോന്നി. പതിതപാവനനും ജഗന്നാഥനുമായ പരമേശ്വരൻ, ലോകസംരക്ഷണോൽസുകനായി, തേജോമൂത്തിയായി, നിതാന്തശാന്തനായി എൻെറ മനോമുകുരത്തിൽ പ്രതിഫലിച്ചു. എത്രമാത്രം നിർവൃതിപ്രദമാണാപ്രദേശം? ഈ സ്ഥലപുരാണങ്ങളെല്ലാം പരമാത്ഥമായിരുന്നെങ്കിൽ ഇതിലേറെ പവിത്രതരയായ ഒരു ഭൂമി മറെറവിടെയാണുണ്ടാകുക? യഥാത്ഥമാണതെല്ലാം എന്ന ഒരു തോന്നൽ ഞാൻ അറിയാതെതന്നെ എന്നിൽ പൊട്ടിപ്പുറ

പ്പെട്ടുപോയി. ആ ശിലാവിഗ്രഹത്തേയും, അഗ്നികുണ്ഡത്തേയും, തീർത്ഥത്തേയുംപോലെ ആരാധനീയമായി ലോകത്തിൽ മറെറന്താണുള്ളത്? ഈ ക്ഷേത്രപരിസരങ്ങളിൽ ധാരാളം തപോധനന്മാർ ഇരുന്നു തപസ്സ് ചെയ്തുപോന്നിരുന്ന ആശ്രമസ്ഥലികളുടേയും മററും പല ലക്ഷ്യങ്ങൾ ഇന്നും കാണാനുണ്ടുതാനും. എന്തുകൊണ്ടു നോക്കിയാലും അത്യന്തം പവിത്രതരമായ ഒരു ഭൂവിഭാഗമാണിവിടം എന്നതിനു സംശയലേശമില്ലതന്നെ.

ഭട്ട് വാടിയിൽനിന്നും വിട്ടാൽ ത്രിയുഗീനാരായണമെത്തുന്നതുവരെ യാത്രികൾ വളരെ ചുരുക്കമാണ്. എന്നാൽ ഇവിടെയെത്തിക്കഴിഞ്ഞാൽ ഭാവം ചെറുതായൊന്നു മാറുന്നു. കേദാരനാഥദർശനത്തിനായി വരുന്നവരിൽ പലരും ത്രിയുഗീനാരായണദർശനംകൂടികഴിക്കാതെ മടങ്ങാറുള്ളു. കേദാരനാഥമാർഗ്ഗത്തിൽനിന്നും കഷ്ടിച്ച് ഒരു രണ്ടു മൈൽ വിട്ടുനില്ക്കുന്ന ഈ ക്ഷേത്രത്തെ യാത്രികൾ ഒഴിച്ചു കളയാറില്ല. അതിനാൽ കുറെയെല്ലാം യാത്രികൾ നിത്യേന വന്നുംപോയുമിരിക്കുന്നതാണീ പ്രദേശം. ഇവിടെ പുതിയ രീതിയിലുള്ള ഒരു ധർമ്മക്ഷേത്രം പണിതീർന്നുവരുന്നുണ്ട്. 'കാളീകംളിവാല' സ്ഥാപനമാണ് ഇതു പണിയിക്കുന്നതു്.

അല്പസമയം ഇവിടെ വിശ്രമിച്ചതിനുശേഷം ഞങ്ങൾ യാത്രതുടന്നു. അന്നു രാത്രിയിൽ വിശ്രമിക്കാൻ കേദാരനാഥത്തുനിന്നും ഏഴു മൈൽ അപ്പുറമുള്ള ഗൌരീകുണ്ഡത്തിൽ എത്തിച്ചേരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. നിരപ്പും വെടിപ്പും മുട്ടുതപവുമുള്ള വഴികൾ. വഴിക്കരികിൽ നെല്ലും ഗോതമ്പും കൃഷിചെയ്തിട്ടുള്ള ചെറിയ ചെറിയ വയലുകൾ. ഇടയ്ക്കിടെ കൊച്ചുകൊച്ചരുവികളെ നിയന്ത്രിച്ച് അവയുടെ തീരത്തായി മാവു പൊടിച്ചുണ്ടാക്കാൻ ഉപയോഗിക്കുന്ന യന്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അവതിരിയുമ്പോളുണ്ടാകുന്ന ഘരഘര ശബ്ദം, കുളർക്കാററിലുലഞ്ഞ ലതാമർമ്മരവുമായിടകലന്നു പ്രശാന്തമായ ആ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നു. ശാന്തമായ സായാഹ്നവേളയിൽ, ശാന്തിയും സമാധാനവും നടമാടുന്ന ആ ചുററുപാടുകളുടെ നടുവിൽകൂടി, ആഹ്ലാദപൂർവ്വം ഞങ്ങൾ കുതിച്ചു നടന്നു. ഒരു മൂന്നു മൂന്നരമൈൽ നടന്നുകഴിഞ്ഞപ്പോൾ അതിമനോഹരമായ 'സ്വർണ്ണപ്രയാഗ' എന്ന സംഗമസ്ഥാനം സംപ്രാപ്തമായി.

കണ്ണിനും കരളിനും ഇമ്പംതരുന്ന ഒരു കാഴ്ചയാണീ സംഗമസ്ഥാനം. കേദാരനാഥശിഖരത്തിൽനിന്നും ഉത്ഭവിച്ച്, കേദാരനാഥപാദ

രേണുക്കളേയും വഹിച്ചുകൊണ്ടു്, കടുംതൂക്കായ പാറക്കെട്ടുകൾക്കിടയിൽക്കൂടി കുതിച്ചുചാടി വരുന്ന പുണ്യാപഗയായ ''മന്ദാകിനി'' സ്വച്ഛജലപൂർണ്ണയും, ശാന്തപ്രകൃതയുമായ ''സ്വർണ്ണാ'' നദിയെ അണച്ചാലിംഗനം ചെയ്യുന്നതിവിടെവച്ചാണു്. നൂററടിയിൽ കുറയാത്ത ഉയരമുള്ള ഒരു പാറക്കെട്ടിൽനിന്നും ഇരമ്പിക്കുതിച്ചുചാടുകയാണു് മന്ദാകിനി. നീലജലപൂർണ്ണയും ലളിതയുമായ ''സ്വർണ്ണ'' ആർത്തിരമ്പി വരുന്ന പ്രിയസഖിയേ ആനന്ദാധിക്യത്താൽ മാറോടണച്ചാശ്ലേഷിക്കുന്നു. അവിടെനിന്നവർ ഒന്നായി, ഇനിയും പിരിയുകയില്ലെന്ന ദൃഢനിശ്ചയത്തോടേ, പാടിത്തകർത്തു് മുന്നോട്ടു യാത്രയായി. ഈ സംഗമസ്ഥാനം പവിത്രമെന്നപോലെ ദർശനീയതയിൽ വിചിത്രവുമാണു്. ചുററുപാടും വായ്ച്ചു് നില്ക്കുന്ന വനരാജിയും, കർക്കശമായ കരിമ്പാറക്കെട്ടുകളും, അതിലൂടെ ചാടിമറിഞ്ഞണയുന്ന സിതജലവാഹിയായ ''മന്ദാകിനി''യും; നീലജലവാഹിയായ ''സ്വർണ്ണ''യും നാലുപാടുമുള്ള പ്രകൃതിവിലാസവും എല്ലാംകൂടി അത്യന്തം ഹൃദയാവർജ്ജകമായ ഒരു കാഴ്ചയാണവിടെ യാത്രികൾക്കു് ലഭിക്കുന്നതു്. ഈ പ്രയാഗാദർശനം കാളിദാസകൃതമായ ചില രഘുവംശപദ്യങ്ങളെ എന്റെ സ്മൃതിപഥത്തിൽ കൊണ്ടുവന്നു.

''ക്വചിത് പ്രഭാലേപിഭിരിന്ദ്രനീലൈ-
ർമ്മുക്താമയീയഷ്ടിരിവാനുവിദ്ധാ,
അന്യത്ര മാലാ സിത പങ്കജാനാ-
മിന്ദീവരൈരുത്ഖചിതാന്തരേവ

ക്വചിത് ഖഗാനാം പ്രിയമാനസാനാം
കാദംബസംസർഗ്ഗമതീവപംക്തി:
അന്യത്ര കാളാഗരുദത്തപത്രാ
ഭക്തിർ ഭുവശ്ചന്ദന കല്പിതേവ

ക്വചിത് പ്രഭാ ചാന്ദ്രമസീ തമോഭി-
ച്ഛായാ വിലീനൈഃ ശബളീകൃതേവ,
അന്യത്രശുഭ്രാ ശരദഭ്രലേഖാ
രന്ധ്രേഷ്വിവാലക്ഷ്യനഭഃ പ്രദേശാ

ക്വചിച്ച കൃഷ്ണോരഗഭൂഷണേവ
ഭസ്മാംഗരാഗാ തനുരീശ്വരസ്യ
പശ്യാനവദ്യാംഗി വിഭാതിഗംഗാ
ഭിന്ന പ്രവാഹാ യമുനാതരംഗൈഃ

ഇവിടെനിന്നു് കേദാരനാഥത്തിലേക്കു് ഇനിയും പത്തുമൈൽ ദൂരമുണ്ടു്. സ്വർണ്ണാനദിയുടെ മുകളിലൂടെയുള്ള ഒരു തൂക്കുപാലത്തിൽക്കൂടി

അക്കരെ കടന്നു കഴിഞ്ഞാൽ വീണ്ടും കയററം ആരംഭിക്കയായി. ഇവിടെനിന്നു് അങ്ങോട്ടിനിയും കയററമേയുള്ളു. സാവധാനത്തിൽ യാത്രതുടൎന്ന ഞങ്ങൾ മനോഹരങ്ങളായ പല പ്രകൃതി ദൃശ്യങ്ങളാലും ആകൃഷ്ടരായി കയററം കയറുന്നതോ, നേരം പോകുന്നതോ അറിയാതെ ''ഗൗരീകുണ്ഡം'' എന്ന സുപ്രസിദ്ധമായ താവളത്തിൽ എത്തിച്ചേൎന്നപ്പോൾ നേരം ഏതാണ്ടു് ഏഴരയോടടുത്തിരുന്നു.

ഇരമ്പിയൊഴുകുന്ന മന്ദാകിനീ തീരസ്ഥവും, സമുദ്രനിരപ്പിൽനിന്നു് ആറായിരം അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്നതുമായ ഒരു താവളമാണു് ഗൗരീകുണ്ഡം. തീൎത്ഥയാത്രാകാലങ്ങളിൽ ഈ പ്രദേശം ഒരു ചെറിയ നഗരഭാവം കൈക്കൊള്ളുന്നു. താമസിക്കാൻ സൗകൎയ്യപ്രദമായ ചട്ടികളാലും, ധൎമ്മക്ഷേത്രങ്ങളാലും നിബിഡമാണീ ഇടുങ്ങിയ ഭൂവിഭാഗം. ഇവിടെനിന്നും കേദാരസന്നിധിയിലേക്കു് വെറും ഏഴു മൈൽ ദൂരമേയുള്ളു. ഉന്നത ഭൂവിൽ സ്ഥിതിചെയ്യുന്ന കേദാരനാഥത്തിലെ ദുഃസ്സഹമായ തണുപ്പിനെ ഭയമുള്ള യാത്രികർ മിക്കവാറും ഇവിടെ തമ്പടിച്ചുകൂടും. പിറേറന്നാൾ രാവിലെ പുറപ്പെട്ടു് കേദാരനാഥദൎശനം കഴിഞ്ഞു് അന്നുതന്നെ മടങ്ങി വരും. ഇതാണു് പലരുടേയും പതിവു്.

ഗൗരീകുണ്ഡത്തിന്റെ ഒരു പ്രത്യേകത അവിടെയുള്ള തപ്തകുണ്ഡമാണു്. സദാപി ഉഷ്ണജലം നിറഞ്ഞുനില്ക്കുന്ന ഒരു ചെറിയ കുളം. യാത്രികൾക്കു് എത്രമാത്രം മഹത്തായ ഒരനുഗ്രഹമാണിതെന്നു് പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. നടന്നലഞ്ഞു് ഇവിടെ എത്തിച്ചേരുന്ന തീൎത്ഥാടകൎക്കു് ഇവിടെയൊരു കുളി എത്രമാത്രം ആനന്ദപ്രദമാണെന്നു് അനുഭവസ്ഥർക്കേ അറിഞ്ഞുകൂടു. കൂടാതെ ഈ ഉഷ്ണകുണ്ഡം അത്യധികം മാഹാത്മ്യമുള്ള ഒരു പുണ്യതീൎത്ഥം കൂടിയാണു്. സാക്ഷാൽ ഗൗരീദേവിക്കു് ശീതബാധയേശാതെ സ്നാനം ചെയ്യുവാൻ സ്വയം ആവിർഭവിച്ചതാണിതെന്നു് പുരാണപ്രിയന്മാർ പറയുന്നു. അതിനാൽ അത്യന്തം ഭക്ത്യാദരങ്ങളോടുകൂടിയാണു് സാധാരണജനങ്ങൾ ഈ തപ്തകുണ്ഡത്തേ വീക്ഷിച്ചു വരാറുള്ളതു്. സ്ഥലപുരാണപരമായി ഈ ഉഷ്ണജലതടാകത്തേപ്പററി വേറെയൊരഭിപ്രായം കൂടിയുണ്ടു്. ശ്രീശങ്കരഭഗവത്പാദർ കേദാരനാഥത്തിലേക്കു് യാത്രയാണു്. രാത്രിയിൽ വിശ്രമത്തിനു് ഇവിടെ വന്നുകൂടി. എന്നാൽ അത്യധികമായ തണുപ്പും മന്ദാകിനീജലത്തിന്റെ കൊല്ലും കുളിരും, അദ്ദേഹത്തിന്റെ ശിഷ്യന്മാരെ വല്ലാതെ വിഷമിപ്പിച്ചു. സ്നാനം ചെയ്യാനോ, നിത്യകൎമ്മങ്ങൾ നടത്താനോ, കഴിവില്ലാതെ ഉഴലുന്ന അവരിൽ കനിവു തോന്നി ഭഗവാൻ തന്റെ ദിവ്യശക്തിയാൽ നിൎമ്മിച്ചതാണീ കുണ്ഡം എന്നു് ''ശങ്കരദിഗ്‌വിജയം'' ഉൽഘോഷിക്കുന്നു. ഏതായാലും ഇവിടെ ഇങ്ങിനെയൊരുഷ്ണകുണ്ഡം സ്ഥിതിചെയ്യുന്നതു് അത്യധികം ആശ്വാസപ്രദമാണെന്നു് പറയാതെ കഴികയില്ല.

(തുടരും)

# ജ്ഞാനാശ്രമവാർത്തകൾ

സ്വാമി പൂർണ്ണാനന്ദതീർത്ഥ ബോംബെയിൽ ഇൻഡ്യൻ ജിംഖാനാ മൈതാനത്തിൽവച്ച് നടത്തിയ ജ്ഞാനയജ്ഞം ഡിസംബർ ഇരുപത്തിരണ്ടാം തിയ്യതിയോടുകൂടി സമാപിച്ചിരിക്കുന്നു. അതിനുശേഷം "ചെമ്പൂരി"ൽവച്ച് തദ്ദേശവാസികളുടെ ആവശ്യാനുസരണം ഡിസംബർ ഇരുപത്തിഅഞ്ചാം തീയ്യതിമുതൽ പത്തുദിവസം നീണ്ടുനില്ക്കുന്ന ഒരു പ്രവചനപരമ്പര നടത്തി വരുന്നു.

ജനുവരി അഞ്ചാം തീയ്യതിയോ, ആറാം തീയ്യതിയോ സ്വാമിജി ബോംബെയിൽനിന്നും മദ്രാസ്‌വഴി ആശ്രമത്തിലേക്ക് പുറപ്പെടുന്നതാണ്. ജനുവരി പതിനഞ്ചാം തീയ്യതിക്കു മുൻപായി ആശ്രമത്തിൽ എത്തിച്ചേരുമെന്ന് വിചാരിക്കുന്നു.

1964 ഫെബ്രുവരിമാസത്തിൽ സ്വാമിജിയുടെ ഒരു പ്രവചനപരമ്പര ബാംഗളൂരിൽവച്ചു നടത്താനുള്ള ഒരുക്കങ്ങൾ തദ്ദേശവാസികൾ ചെയ്തുവരുന്നു.

കഴിഞ്ഞവർഷം സ്വാമിജി ബോംബെയിൽവച്ച് നടത്തിയ പ്രഭാഷണപരമ്പര പുസ്തകരൂപത്തിൽ ബോംബെയിലെ യജ്ഞക്കമ്മിററി പ്രസിദ്ധീകരിക്കുകയാണ്. അതിൻെറ അച്ചടി ഏതാണ്ട് കഴിഞ്ഞിരിക്കുന്നു.

## 'കൈവല്യസുധാ'

ജ്ഞാനാശ്രമം ഇംഗ്ലീഷിൽ പുറപ്പെടുവിക്കാൻ പോകുന്ന മാസികയാണിത്. 1964 ജനുവരി പതിനഞ്ചാം തീയ്യതി ഇതിൻെറ ആദ്യലക്കം പുറത്തിറക്കണമെന്നാണ് വിചാരിക്കുന്നത്.

ജ്ഞാനപ്രഭയെപ്പോലെതന്നെ ആശ്രമവാസികളുടെ ലേഖനങ്ങളായിരിക്കും പ്രധാനമായും ഈ മാസികയിലൂടെ പ്രസിദ്ധീകരിക്കുന്നത്; കഴിവുള്ളിടത്തോളം സ്വതന്ത്രങ്ങളായിരിക്കും ലേഖനങ്ങൾ. സാമാന്യേന ജ്ഞാനപ്രഭയിലുള്ള ലേഖനങ്ങളുടെ തർജ്ജിമകളായിരിക്കയില്ലെന്നു സാരം.

ഇതിനു നിശ്ചയിച്ചിരിക്കുന്ന വാർഷികവരിസംഖ്യ ഒരുറുപ്പികയാണ്. ആവശ്യമുള്ളവർ താഴെക്കാണുന്ന മേൽവിലാസത്തിൽ നേരത്തെകൂട്ടി എഴുതിയാൽ നന്നായിരിക്കും.

The Manager
**JNANA ASRAM,**
P O Parlikad,
Wadakancheri (Cochin)
Kerala State.

# മാധവ ആയുർവ്വേദ ഔഷധങ്ങൾ

## "മാധവ" ബാലപീയൂഷം

ആമാശയസംബന്ധമായും, ജ്വരസംബന്ധമായും കുട്ടികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും വളരെ വിശേഷം. ശരീരപുഷ്ടിയും തേജസ്സും നൽകുന്ന ഉത്തമ ടോണിക്ക്. 16 ഔ. 3_50. 8 ഔ. 2_00.

## "മാധവ" സരസപരില

രക്തശുദ്ധിയുണ്ടാക്കുന്നതിനു പുറമേ, രക്തം ഉഷ്ണിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങളേയും മാററി ശരീരത്തിലെ ചൂടിനേയും രക്തസമ്മർദ്ദത്തേയും ക്രമീകരിക്കുന്നു.

16 ഔ. 3_00. 8 ഔ. 1_75.

## "മാധവ" ച്യവനപ്രാശം (WITH IRON & CALCIUM)

നഷ്ടപ്പെട്ടുപോയ ധാതുംശങ്ങളെ വീണ്ടെടുത്തു് ഓജസ്സും ഓർമ്മശക്തിയും ആരോഗ്യവും ആയുസ്സും വർദ്ധിപ്പിക്കുന്നു.

450 ഗ്രാം ഭരണി 4_50.

## "മാധവ" ദശമൂലാരിഷ്ടം

കസ്തൂരിയും മേൽമരുന്നുകളും ചേർത്തു് ശാസ്ത്രീയമായി തയ്യാർചെയ്തതു്. 24 ഔ. 5_25.

## "മാധവ" ചർമ്മസുധ (OINTMENT)

മുഖക്കുരു, നിറഭേദം, വട്ടച്ചൊറി മുതലായ ത്വക്‌രോഗങ്ങൾക്കു് വളരെ ഫലപ്രദം. സുഗന്ധത്തോടുകൂടിയ ലേപനം.

ഡപ്പി 50 ന.പ.

എല്ലാം സ്ഥലത്തും
പ്രധാന മരുന്നുഷാപ്പുകളിൽനിന്നു് ലഭിക്കുന്നു.

## മാധവ ഫാർമ്മസ്യൂട്ടിക്കൽ ലാബറട്ടറീസ്,

ജയസൌധം — എറണാകുളം_8.

PHONE: PHARMACY: 638-RESIDENCE: 638-BRANCH: 3416

സ്റ്റോക്കിസ്റ്റ് വ്യവസ്ഥകൾക്കും മററും നേരിട്ടെഴുതുക.

Reg No. K. 434




Edited, printed and published by Swami Dayananda Teertha for Jnana Asram, Parlikad. Printed at the Geetha Press, Trichur.